**2009, ഖുത്ബ നമ്പര്‍- 08**

بسم الله الرحمن الرحيم

**20.02.2009**
**ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍**

# മുസ്‌ലിഹ് മൗഊദ് - ഒരു പ്രവചനത്തിന്റെ മഹത്സാക്ഷാത്കാരം

'ജരിയുല്ലാഹ്' അല്ലാഹുവിന്റെ പഹല്‍വാന്‍ എന്ന് അല്ലാഹുവിനാല്‍ വിശേഷിപ്പിക്കപ്പെട്ട അല്ലാഹുവിന്റെ യോദ്ധാവാണ് ഹദ്‌റത്ത് മസീഹ് മൗഊദ് (അ). ഈ ഒരു ബഹുമതി ആ മഹാത്മാവിന് അല്ലാഹു നല്‍കാനുള്ള കാരണം ചെറുപ്പത്തില്‍ തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ അദ്ദേഹത്തിന്റെ ഹൃദയത്തില്‍ അല്ലാഹുവിനോടും തിരുനബി(സ) യോടും ഇസ്‌ലാമിനോടുമുള്ള സ്നേഹം അല്ലാഹു കുത്തിനിറച്ചിരുന്നു എന്നതാണ്. ഇസ്‌ലാമിനെ സംരക്ഷിക്കുന്നതിനുള്ള ഒരവസരംപോലും ആ മഹാത്മാവ് പാഴാക്കിക്കളഞ്ഞിരുന്നില്ല. ഓരോ മതത്തെക്കുറിച്ചും അഗാധമായ പഠനം നടത്തുകയും അതിനെകുറിച്ച് ആഴത്തില്‍ അറിയുകയും ചെയ്തിരുന്നു. മറ്റെല്ലാ മതങ്ങളുടെയും മേല്‍ ഇസ്‌ലാമിന്റെ ശ്രേഷ്ഠത തെളിയിക്കുന്നതിന് അവിടന്ന് എപ്പോഴും തയ്യാറായിനിന്നിരുന്നു. ഇന്ത്യയില്‍ ക്രൃസ്തീയ മിഷനറിമാരുടെ രംഗപ്രവേശം ശക്തമാവുകയും ഇസ്‌ലാമിനും ഇസ്‌ലാംമത സ്ഥാപകര്‍ക്കുമെതിരില്‍ നൂറു കണക്കിന് പുസ്തകങ്ങള്‍ എഴുതപ്പെടുകയും എണ്ണമറ്റ നോട്ടീസുകള്‍ പ്രസിദ്ധീകരിക്കുകയും ചെയ്തപ്പോള്‍ മുസ്‌ലിംകള്‍ ക്രിസ്തുമതത്തിലേക്ക് ചേക്കേറാന്‍ തുടങ്ങി. ക്രിസ്തുമതമാശ്ലേഷിക്കാത്തവരുടെ മനസ്സില്‍ ഇസ്‌ലാമികാദ്ധ്യാപനങ്ങളെകുറിച്ച് പല സംശയങ്ങളും നാമ്പെടുക്കാന്‍ തുടങ്ങി. ക്രിസ്തു മതത്തിന്റെ ഈ ആക്രമണത്തോടൊപ്പം ആര്യസമാജികളും ബ്രഹ്മസമാജികളും ശക്തമായി രംഗത്ത് വരികയുണ്ടായി. ഈ എതിര്‍പ്പുകളെ നേരിടുന്നതിന് പകരം അന്ന് മുസ്‌ലിംകള്‍ പരസ്പരം തമ്മിലടിക്കുകയും പരസ്പരം കുഫ്റ് ഫത്വ പുറപ്പെടുവിക്കുകയും ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. ഇസ്‌ലാമിന്റെ ഈ അതിദാരുണമായ അവസ്ഥയോര്‍ത്ത് ഏതെങ്കിലും ഒരു ഹൃദയം വേദനിച്ചിരുന്നുവെങ്കില്‍, ഇസ്‌ലാമിനെ സംരക്ഷിക്കണമെന്ന് ഏതെങ്കിലും ഒരു ഹൃദയം കൊതിച്ചിരുന്നുവെങ്കില്‍ അത് മിര്‍സ ഗുലാം അഹ്മദ് ഖാദി യാനി(അ)ന്റെ ഹൃദയമായിരുന്നു. ഇസ്‌ലാമിന്നെതിരില്‍ അന്ന് ചെയ്തിരുന്ന ഓരോ ആക്രമണത്തിനെയും നേരിടുന്നതിന്നായി അദ്ദേഹം ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. അതിന്റെ പേരാണ് *ബറാഹീനെ അഹ്‌മദിയ്യാ.*

ഈ ഗ്രന്ഥത്തില്‍ വിശുദ്ധഖുര്‍ആന്‍ ദൈവിക വചനമാണെന്നും സമ്പൂര്‍ണ്ണ ഗ്രന്ഥമാണെന്നും തെളിയിച്ചുകാട്ടുന്നുണ്ട്. അതേപോലെ തിരുനബി(സ) യുടെ നുബുവ്വത്തിന്റെ സത്യസാക്ഷ്യം, തിരുനബി(സ)യുടെ ശ്രേഷ്ഠത എന്നിവ അനിഷേധ്യമായ തെളിവുകള്‍ സഹിതം അതില്‍ തുറന്നുകാട്ടുന്നുണ്ട്.ഈ ഗ്രന്ഥം ഇസ്‌ലാമിന്നെതിരില്‍ രംഗപ്രവേശനം ചെയ്ത മറ്റു മതങ്ങളെ പിടിച്ചു കുലുക്കിക്കളഞ്ഞു. അവര്‍ ഇസ്‌ലാമിന്നെതിരില്‍ അതിനീചമായ ആക്ഷേപങ്ങള്‍ അഴിച്ചുവിട്ടുകൊണ്ടിരുന്നു. ഇസ്‌ലാമിനെ സംരക്ഷിക്കുന്നതിന്നായി *ബറാഹീനെ അഹ്‌മദിയ്യാ* എന്ന ഗ്രന്ഥത്തില്‍ ആ മഹാത്മാവ് സ്വീകരിച്ചിരിക്കുന്ന നൂതന ശൈലി- ഇസ്‌ലാമിന്റെ മഹത്വം വിവരിക്കുക എന്നത്- വളരെ ആദരവോടുകൂടിയാണ് പല മുസ്‌ലിം പണ്ഡിതന്മാരും കണ്ടത്. എന്നാല്‍ ഇസ്‌ലാമിന്റെ സന്ദേശം വളരെ വിപുലമായ രീതിയില്‍ അദ്ദേഹം പ്രചരിപ്പിച്ചപ്പോള്‍ മുസ്‌ലിംകളിലുള്ള ഒരു വിഭാഗം തന്നെ അദ്ദേഹത്തിന്റെ ശത്രുവായി മാറുകയാണുണ്ടായത്. അമുസ്‌ലിംകളുമായി ചേര്‍ന്ന് അദ്ദേഹത്തിന്നെതിരില്‍ അവര്‍ പ്രവര്‍ത്തിക്കുവാന്‍ തുടങ്ങി.

അക്കാലത്ത് ആ മഹാത്മാവ് ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനുകാണിച്ചിരുന്ന ആവേശം എത്രമാത്രമാണെന്നറിയാന്‍ മൗലവി അബ്ദുല്ലാ സാഹിബ് സനോരി(റ) വിന്റെ ഒരു നിവേദനം വായിച്ചാല്‍ മതിയാകുന്നതാണ്. മിര്‍സാ ബശീര്‍ അഹ്‌മദ് സാഹിബ് (റ) ഇപ്രകാരം എഴുതുന്നു. 'ആ മഹാത്മാവ് ഇരുപതിനായിരം നോട്ടീസുകള്‍ പ്രസിദ്ധീകരിക്കുകയും തപാല്‍ മുഖേന എത്തിക്കാന്‍ കഴിയുന്ന ലോകത്തുള്ള എല്ലാ പ്രദേശത്തേയും രാജാക്കന്മാര്‍ക്കും ഭരണകര്‍ത്താക്കള്‍ക്കും മന്ത്രിമാര്‍ക്കും ധിഷണശാലികള്‍ക്കും ഗ്രന്ഥകര്‍ത്താക്കള്‍ക്കും പണ്ഡിതപ്രമുഖര്‍ക്കും നവാബ്മാര്‍ക്കും എല്ലാം ആ കത്തുകള്‍ അയച്ചുകൊടുക്കുകയും ചെയ്തു. ഇത് മസീഹ് വാദം പുറപ്പെടുവിക്കുന്നതിന് മുമ്പുള്ള സംഭവമാണ്. *മുജദ്ദിദ്* എന്ന നിലയിലാണ് ഈ സന്ദേശം നല്‍കിയിരുന്നത്. ഈ നോട്ടീസുകളില്‍ ഇസ്‌ലാമിന്റെ മഹത്വങ്ങളാണ് വിവരിച്ചിരുന്നത്.

ഈ സന്ദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളില്‍ അയച്ചുവെങ്കിലും ലോകരില്‍നിന്ന് വലിയ പ്രതികരണമൊന്നും ഉണ്ടായില്ല. എന്നാല്‍ തങ്ങളുടെ കയ്യില്‍ ഇസ്‌ലാമിനെ ഒതുക്കിയിരിക്കുന്നു എന്ന് ധരിച്ച ഇന്ത്യയിലെ മറ്റു മതസ്തര്‍ക്കിടയില്‍ ഈ നോട്ടീസുകള്‍ ശക്തമായ ചലനം തന്നെ സൃഷ്ടിച്ചു. ഇസ്‌ലാമിനെ പിന്‍തുണച്ചുകൊണ്ട് ഒരു ഗ്രന്ഥവും, ഇസ്‌ലാമിന്റെ സത്യതയും മഹത്വവും സമര്‍പ്പിക്കുന്നതിന്നായി നോട്ടീസുകളും രംഗത്ത് വന്നപ്പോള്‍ ഇസ്‌ലാമിന്നെതിരില്‍ ഏതെല്ലാം അടവുകള്‍ അവര്‍ക്ക് പയറ്റാന്‍ സാധിക്കുമായിരുന്നോ അതെല്ലാം അവര്‍ പയറ്റിനോക്കി. ചില മുസ്‌ലിംകള്‍ പോലും അദ്ദേഹത്തിന്നെതിരില്‍ തിരിയുകയുണ്ടായി. ഈ അവസരത്തില്‍ ആ മഹാത്മാവ് വേദന തിങ്ങുന്ന ഹൃദയത്തോടെ അല്ലാഹുവിന്റെ മുമ്പില്‍ കുമ്പിട്ടു. എന്നിട്ട് ഇപ്രകാരം ദുആ ഇരന്നു; "അല്ലാഹുവേ ഞാന്‍ നിന്റെ അവസാനത്തേതും സമ്പൂര്‍ണ്ണവുമായ ദീനിനേയും നിനക്ക് ഏറ്റവും പ്രിയപ്പെട്ട ഖാത്തമുന്നബിയ്യീന്‍ ഹദ്‌റത്ത് മുഹമ്മദ് (സ)തിരുമേനിയേയും ശത്രുക്കളില്‍നിന്നും സംരക്ഷിക്കുന്നതിന്നായാണ് ഇതെല്ലാം ചെയ്യുന്നത്. അതുകൊണ്ട് അല്ലാഹുവേ നീ എന്നെ സഹായിക്കേണമേ."

ഇതിന്നായി അദ്ദേഹം നാല്‍പത് ദിവസത്തേക്ക് ഒരു സ്ഥലത്ത് പോയി ഏകാന്തവാസം അനുഷ്ഠിക്കാന്‍ തീരുമാനിച്ചു. ഇസ്‌ലാമിന്റെ സത്യതക്കും റസൂല്‍ തിരുമേനി (സ)യുടെ സത്യസാക്ഷ്യത്തിനുമുള്ള പ്രത്യക്ഷമായ അടയാളം അല്ലാഹുവില്‍നിന്ന് ലഭിക്കുന്നതിന്നായാണ് അദ്ദേഹം ഈ രീതിയില്‍ ദുആ ചെയ്യാന്‍ തീരുമാനിച്ചത്. അതിന്നായി ആദ്യം ഈ ഏകാന്തവാസത്തിന് പറ്റിയ സ്ഥലം എവിടെയാണെന്നറിയാന്‍ അദ്ദേഹം 'ഇസ്തിഖാറ' ചെയ്തു. അല്ലാഹു ഹദ്‌റത്ത് മസീഹ് മൗഊദ് (അ) നെ അറിയിച്ചു, ' ഈ ഏകാന്തവാസത്തിനുപറ്റിയ സ്ഥലം ഹോശിയാര്‍പൂര്‍ ആയിരിക്കും'. അതിന്നായി അദ്ദേഹം ഹോശിയാര്‍പൂരിലേക്ക് യാത്ര പുറപ്പെട്ടു. അദ്ദേഹത്തോടൊപ്പം മൂന്ന് പേര്‍ ഉണ്ടായിരുന്നു. മൗലവി അബ്ദുള്ള സനോരി സാഹിബ്, ഹാഫിസ് ഹാമിദലി സാഹിബ്, ഫതഹ് ഖാന്‍ സാഹിബ് എന്നിവരായിരുന്നു അവര്‍. ഇതിനു മുമ്പ് ഹോശിയാര്‍പൂരിലുണ്ടായിരുന്ന ശേഖ് മഹര്‍അലി സാഹിബിന് ആ മഹാത്മാവ് ഒരു കത്തയച്ചു. അതില്‍ ഇപ്രകാരം എഴുതിയിരുന്നു. 'ഞാന്‍ രണ്ട് മാസത്തേക്ക് ഹോശിയാര്‍പൂരിലേക്ക് വരികയാണ്. എനിക്ക് വേണ്ടി

ഒറ്റക്ക് ഒരുവീട്ടിൽ താമസിക്കുവാനുള്ള ഏർപ്പാട് ചെയ്യുക. ഏകാന്തനായിക്കൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിൽ മുഴുകുവാനാണിത്.' തന്റെ കൂടെയുള്ളവർക്കും ആ നാളുകളിൽ തന്നെ കാണരുതെന്നും കൂടികാഴ്ചകളൊന്നും നടത്തരുതെന്നും ആ മഹാത്മാവ് നിർദ്ദേശം നൽകിയിരുന്നു.

ചുരുക്കത്തിൽ ശൈഖ് സാഹിബ് പട്ടണത്തിന് വെളിയിലുള്ള തന്റെ ഒരു വീട്ടിൽ ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. അങ്ങിനെ 1886 ജനുവരി 22ന് ഏകാന്തവാസത്തിന്നായി ആ മഹാത്മാവ് ഹോശിയാർപൂരിലെത്തി. ശൈഖ് സാഹിബിന്റെ വീടിന്റെ രണ്ടാം നിലയിലാണ് താമസത്തിനുള്ള സൗകര്യം ചെയ്തിരുന്നത്. എന്നിട്ട് തന്റെ കൂടെയുള്ളവരോട് പറഞ്ഞു, 'ഈ നാളുകളിൽ നിങ്ങൾ ആരും തന്നെ എന്നോട് സംസാരിക്കരുത്. ഭക്ഷണം എന്റെ മുറിയിൽ കൊണ്ടുവന്ന് വെക്കുക. എനിക്ക് ഇഷ്ടമുള്ളപ്പോൾ ഞാൻ കഴിച്ചുകൊള്ളും.' അങ്ങിനെ ഏകാന്തവാസം തുടങ്ങി. ആ സമയത്ത് പല കാര്യങ്ങളും അല്ലാഹു അദ്ദേഹത്തിന് വെളിപ്പെടുത്തിക്കൊടുക്കുകയുണ്ടായി. ഹോശിയാർപൂരിൽ താമസിച്ചുകൊണ്ടിരിക്കേ ഫെബ്രുവരി 20-ാം തിയ്യതി ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അത് വിവിധ പ്രദേശങ്ങളിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തു. ഈ വിജ്ഞാപനത്തിൽ പല പ്രവചനങ്ങളും അടങ്ങിയിരുന്നു. അതിൽ പലതും ആ മഹാത്മാവിന്റെ ജീവിതകാലത്തു തന്നെ പുലരുകയും പലതും അദ്ദേഹത്തിനു ശേഷം അല്ലാഹു പുലർത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ജമാഅത്തുകളിൽ ഓരോ വർഷവും ഫെബ്രുവരി 20-ാം തിയ്യതി ഒരു യോഗം സംഘടിപ്പിക്കാറുണ്ട്. അതുകൊണ്ട് ഇതിനെ മുൻനിർത്തി ഈ പ്രവചനത്തിന്റെ മഹത്വവും അത് പുലർന്നതെങ്ങിനെയാണെന്നതിനെക്കുറിച്ചും ചില വസ്തുതകൾ നിങ്ങളുടെ മുമ്പിൽ വെക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇന്ന് ഫെബ്രുവരി 20 ആണ്. വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള പ്രവചനം ഫെബ്രുവരി 20നാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ഇതിൽ പല ഗുണഗണങ്ങളോടും കൂടി തനിക്ക് ജനിക്കാൻ പോകുന്ന മകനെക്കുറിച്ചാണ് പ്രവചനം ചെയ്തിരുന്നത്. ഇസ്ലാമിന്റെ ശത്രുക്കൾക്ക് ചുട്ട മറുപടി നൽകുന്നതിനുവേണ്ടി ഇസ്ലാമിന്റെയും ഇസ്ലാംമതസ്ഥാപകരുടെയും സത്യതക്കുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങൾ പ്രകടമാക്കുന്നതിന്നായി പ്രാർത്ഥനയിൽ മുഴുകിയ സന്ദർഭത്തിലാണ് അല്ലാഹു ഈ പ്രവചനങ്ങൾ ആ മഹാത്മാവിന് നൽകിയത്. അതുകൊണ്ട് ഈ പ്രവചനം ഒരു സാധാരണ പ്രവചനമല്ല. ഈ പ്രവചനവും ഈ പ്രവചനത്തിൽ പറയപ്പെട്ട വ്യക്തിയും ഇക്കാലത്ത് ഇസ്ലാമിന്റെ മഹത്വം പ്രകടിപ്പിക്കുന്ന അടയാളങ്ങളാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് ബൈഅത്ത് വാങ്ങാൻ പറഞ്ഞ അതേ വർഷം തന്നെയാണ് (1889) ഈ പ്രവചനത്തിൽ പറയപ്പെട്ട വാഗ്ദത്ത പുത്രൻ ജനിക്കുന്നത്. ഈ പ്രവചനം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാക്കുകളിൽ ഞാൻ കേൾപ്പിക്കുകയാണ്.

'ആദ്യത്തെ പ്രവചനം ഈ വിനീതനെ കുറിച്ചുള്ളതാണ്. അത് ഇന്ന് അതായത് 1886 ഫെബ്രുവരി 20ന് ജമാദുൽ അവ്വൽ 15ന് വെളിപാടുകളുടെ വചനങ്ങൾ വളരെ ചുരുങ്ങിയ നിലയിൽ മാതൃകയായി എഴുതുകയാണ്. ഇത് വിശദമായി ഗ്രന്ഥത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്, ഇൻശാഅല്ലാഹ്. ആദ്യത്തെ പ്രവചനം- മഹത്വമുടയവനും കാരുണ്യനിധിയും ആദരണീയനും അത്യുന്നതനും എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനുമായ അല്ലാഹു തആല തന്റെ ഇൽഹാമിലൂടെ എന്നെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു; ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോട് ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർത്ഥനകൾക്ക് സ്വീകാര്യത നൽകുകയും നിന്റെ യാത്ര (ലുധിയാനയിൽനിന്ന് ഹോശിയാർപൂരിലേക്ക്) നിനക്ക് അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുത ശക്തിയുടെയും ഔദാര്യത്തിന്റെയും സായൂജ്യത്തിന്റെയും അടയാളം നിനക്ക് നൽകുന്നു. വരപ്രസാദത്തിന്റെയും അനുഗ്രഹ വായ്പിന്റെയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ നിനക്ക് സാമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷ ലഭിക്കാനും കബറുകളിൽ മറവുചെയ്യപ്പെട്ടവർ പുറത്ത് വരുമാറാകാനും ഇസ്ലാംമതത്തിന്റെ മേൻമയും ദൈവ വചനത്തിന്റെ പെരിമയും ജനങ്ങൾക്കുവെളിപ്പെടുന്നതിനും ഞാൻ സർവ്വശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിന് മനസ്സിലാക്കുന്നതിനും, ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്ക് ദൃഢബോദ്ധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തെയും ഗ്രന്ഥത്തെയും പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗ്ഗം വെളിപ്പെടുമാറാകുന്നതിന്നും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ നിനക്ക് സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നൽകപ്പെടും. ഒരു പാവന പുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും.

'സുന്ദരനായ പരിശുദ്ധസുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് ഇമ്മാനുവൽ എന്നും ബശീർ എന്നും ആണ്. അവന് പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ (നൂറുല്ലാഹ്) ആയിരിക്കും. ആകാശത്തിൽനിന്ന് വരുന്നവൻ അനുഗ്രഹീതൻ. അവന്റെ വരവോടുകൂടി, വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്തുവന്ന് തന്റെ മസീഹി ഗുണവും റൂഹുൽ ഹക്കി(സത്യത്തിന്റെ ആത്മാവ്)ന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹവും അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകീകവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. (ഇതിന്റെ അർത്ഥം മനസ്സിലായിട്ടില്ല) തിങ്കളാഴ്ച: അനുഗ്രഹപൂർണ്ണമായ തിങ്കളാഴ്ച; വാൽസല്യ പുത്രൻ, മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റെയും ഔന്നത്യത്തിന്റെയും നിലയവും ആയിട്ടുള്ളവൻ. അല്ലാഹു ആകാശത്തിൽ നിന്നും ഇറങ്ങിയ പോലെ. അവന്റെ ആവിർഭാവം എത്രയും അനുഗ്രഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണവും ആയിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന

പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലക്കു മീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാവുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽ നിന്നും അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗ്ഗത്തിൽ തനിക്കുള്ള ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും. ഇത് വിധിച്ചുപോയ കാര്യമാകുന്നു.'

ഇതാണ് പ്രവചനത്തിന്റെ പൂർണ്ണരൂപം. ഇതിൽ 52 അടയാളങ്ങളാണ് ഉൾക്കൊണ്ടിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട മറ്റു പ്രവചനങ്ങൾകൂടി എടുക്കുകയാണെങ്കിൽ ആകെ 59 അടയാളങ്ങൾ ഉണ്ടെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്നെ ഒരു സ്ഥലത്ത് പറഞ്ഞിട്ടുണ്ട്.

ഈ പ്രവചനത്തിൽ പറഞ്ഞതുപ്രകാരമുള്ള കുട്ടി ഒമ്പതു വർഷത്തിനുള്ളിൽ ജനിക്കുമെന്നും അല്ലാഹുവിൽ നിന്നു ലഭിച്ച അറിവനുസരിച്ചുകൊണ്ട് ആ മഹാത്മാവ് പ്രസിദ്ധീകരിക്കു കയുണ്ടായി. ഈ അടയാളങ്ങൾ വിശദീകരിക്കുകയാണെങ്കിൽ സമയം അധികമായിപ്പോകുമെന്നുള്ളതുകൊണ്ട് വളരെ ചുരുക്കിയാണ് ഞാൻ പറയുന്നത്.

ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് കുറച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ ആ മഹാത്മാവിന്റെ വീട്ടിൽ ഒരു പെൺകുട്ടി ജനിക്കുകയുണ്ടായി. ഈ കുട്ടിയുടെ ജനനത്തോടെ പ്രവചനം പൊളിഞ്ഞു പോയെന്നും പറഞ്ഞ് എതിരാളികൾ ഒച്ചവെക്കുകയുണ്ടാക്കി. ഇതിനു മറുപടിയായി ആ മഹാത്മാവ് പറഞ്ഞു, 'ഇത്ര വർഷത്തിനുള്ളിൽ ജനിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഉടനെ ജനിക്കുന്നതാണെന്ന് ഞാൻ പറഞ്ഞിട്ടില്ല.' ഇതിനുശേഷം ഒരാൺകുട്ടി അദ്ദേഹത്തിന്റെ വീട്ടിൽ ജനിച്ചു. ബശീർ എന്ന് ആ കുട്ടിക്ക് പേരിട്ടു. ബശീർ അവ്വൽ എന്നാണ് ആ കുട്ടി അറിയപ്പെടുന്നത്. കുറച്ച്കാലം ജീവിച്ച് ചെറുപ്രായത്തിൽ തന്നെ ഈ കുട്ടിയും വഫാത്താകുകയുണ്ടായി. എതിരാളികൾ വീണ്ടും ഒച്ചപ്പാടുണ്ടാക്കി. ഈ രണ്ട് കുട്ടികൾ ജനിക്കുന്നതിനുമുമ്പ് പ്രസിദ്ധീകരിച്ച പ്രവചനങ്ങളെ വളരെ മോശമായ വാക്കുകളിൽ പരിഹസിച്ചുകൊണ്ട് പണ്ഡിറ്റ് ലേഖ്റാം സ്വന്തം നിലയിൽ മറ്റുചില പ്രവചനങ്ങൾ പ്രസിദ്ധീ കരിച്ചിരുന്നു. ഉദാഹരണത്തിന് വാഗ്ദത്ത മസീഹിന്റെ പ്രവചനത്തിൽ വാഗ്ദത്ത പുത്രന്റെ ഒരു ഗുണം പറഞ്ഞിരുന്നത് 'അവൻ അങ്ങേയറ്റം ബുദ്ധിമാനും അത്ഭുതകരമായ കാര്യക്ഷമതയുള്ളവനും ആയിരിക്കും എന്നാണ്.' അതിനുപകരമായി ലേഖ്റാം എഴുതിയത്, 'ദൈവം എനിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്, അദ്ദേഹത്തിന്റെ സന്താനപരമ്പര വളരെ വേഗം അവസാനിച്ചു പോകുന്നതാണ്. കവിഞ്ഞാൽ മൂന്ന് കൊല്ലം വരെ നിലനിൽക്കും. ഈ ആൺകുട്ടി ജനിക്കുകയാണെങ്കിൽ തന്നെ അവൻ അനുഗ്രഹത്തിന്റെ അടയാളമായിരിക്കില്ല. മറിച്ച് ശാപത്തിന്റെ (നഊദുബില്ലാഹ്) അടയാളമായിരിക്കും.' ഇതേപോലുള്ള പലതും ലേഖ്റാം പറഞ്ഞി രുന്നു. ഇന്ന് മുസ്‌ലിഹ് മൗഊദി(റ)ന്റെ പ്രവചനം പുലർന്നതോടു കൂടി അല്ലാഹു വാഗ്ദത്ത മസീഹിനോട് വാഗ്ദാനം ചെയ്തിരു ന്നതുപോലെ 'ഇനി പരമ്പര തുടങ്ങുന്നത് നിന്നിൽനിന്നായിരിക്കും 'എന്നതനുസരിച്ച് അദ്ദേഹത്തിന്റെ ശാരീരിക സന്താനങ്ങളെയും ലോകത്ത് വ്യാപിപ്പിച്ചിരിക്കുകയാണ്. ലേഖ്റാമിന്റെ സന്താനങ്ങൾ ഇന്ന് എവിടെയെങ്കിലും ഉണ്ടോ എന്ന് തന്നെ അറിയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയ സന്താനങ്ങൾ ലോകത്ത് എല്ലായിടത്തും വ്യാപിച്ചിരിക്കുകയാണ്. ഓരോ നാട്ടിലും നക്ഷത്രങ്ങളെ പോലെ അവർ തിളങ്ങിക്കൊണ്ടിരിക്കുകയാണ്.

മുമ്പ് പറഞ്ഞതിലേക്ക് തന്നെ മടങ്ങാം. ബശീർ അവ്വൽ മരിച്ചപ്പോൾ ശത്രുക്കൾ കയ്യടിച്ചു വിജയമാഘോഷിച്ചു. ലേഖ്റാമിന്റെ കൂട്ടർ തുള്ളിച്ചാടുകയായിരുന്നു. അപ്പോഴെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് അല്ലാഹു എന്നോട് പറഞ്ഞ കാലാവധിവരെ നിങ്ങൾ കാത്തിരിക്കുക എന്നാണ്. ഈ കാലയളവ് വളരെ ദൈർഘ്യമുള്ളതാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ ഇത്രയും കാലം ഞാൻ ജീവിച്ചിരിക്കും എന്ന് ആർക്കാണ് ഉറപ്പിച്ച് പറയാൻ സാധിക്കുക? എന്നിട്ടല്ലെ മകൻ ജനിക്കും എന്ന പ്രവചനം സ്വയം നടത്താൻ കഴിയുക. കുട്ടികൾ ജനിക്കും എന്ന് ആർക്കും പറയാമല്ലൊ. എന്നാൽ കുട്ടിജനിക്കും എന്നതിനോടൊപ്പം ആ കുട്ടിയോടൊപ്പം പല അടയാളങ്ങളും ഉണ്ടാകും എന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നു. ആ കുട്ടിയുടെ അടയാളങ്ങൾ പറഞ്ഞുകൊണ്ട് ആ അടയാളങ്ങൾ വെളിപ്പെടുമ്പോൾ ഈ പ്രവചനം നടത്തിയ വ്യക്തി തീർച്ചയായും ദൈവത്തിൽനിന്നുള്ള അരുളപ്പാടനുസരിച്ചാണ് പ്രവചനങ്ങൾ ചെയ്തതെന്ന സത്യം ലോകം തിരിച്ചറിയുന്നതാണ്.

ആ മഹാത്മാവ് പറയുന്നു; 'ഏതെല്ലാം ഗുണവിശേഷണങ്ങളോടു കൂടിയ കുട്ടി ജനിക്കും എന്നാണോ പറഞ്ഞിട്ടുള്ളത് അതിന്റെ ജനനത്തെക്കുറിച്ച്, കാലാവധി അത് ഒമ്പത് വർഷത്തിൽ ഇരട്ടിയാണെങ്കിൽപോലും ഒരിക്കലും ആ പ്രവചനത്തിന്റെ മഹത്വത്തിന് അതൊരു കളങ്കവും ചാർത്തുന്നതല്ല. മറിച്ച് ഓരോ മനുഷ്യന്റെയും നീതിബോധം അവനോട് പറയുക, ഇങ്ങിനെയുള്ള ഒരു മഹാനായ വ്യക്തിത്ത്വത്തെക്കുറിച്ചുള്ള സുവാർത്ത അടങ്ങി യിരിക്കുന്ന പ്രവചനം ചെയ്യൽ മനുഷ്യകഴിവുകൾക്ക് അതീ തമാണെന്നാണ്. ഇവിടെ കുട്ടി ജനിക്കും എന്നതിനോടൊപ്പം ഇത്ര വർഷത്തിനുള്ളിൽ ജനിക്കുമെന്നും ദീർഘായുഷ്മാനായിരിക്കുമെന്നും ഇസ്‌ലാമിനുവേണ്ടി സേവനം ചെയ്യുന്നവനായിരിക്കുമെന്നും തിരുനബി(സ) യുടെ നാമം ലോകത്ത് പരത്തുമെന്നും ലോകത്തിന്റെ കോണുകളോളം ഖ്യാതി പ്രാപിക്കുന്നവനാണെന്നും പ്രവചനം ചെയ്തിരിക്കുന്നു.

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്ന് വിവിധങ്ങളായ ആക്ഷേപങ്ങൾ വന്നുകൊണ്ടിരുന്നു. ബശീർ അവ്വലിന്റെ വഫാത്തിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു; 'എതിരാളികളുടെ മറ്റൊരു ആക്ഷേപം 1886 ഏപ്രിൽ 8-ലെ വിജ്ഞാപനത്തിൽ പറയപ്പെട്ട കുട്ടി ജനിക്കുകയും ചെറുപ്രായത്തിൽ തന്നെ മരിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. അതിന്റെ വിശദമായ മറുപടി ഇതിൽ ഞാൻ എഴുതിയിട്ടുണ്ട്. അതിന്റെ ചുരുക്കം ഇപ്രകാരമാണ്. ഇന്നേവരെയുള്ള ഒരു വിജ്ഞാപനത്തിലും തന്നെ ഈ കുട്ടിയായിരിക്കും ദീർഘായുഷ്മാനായ കുട്ടി എന്നോ ഇദ്ദേഹമായിരിക്കും മുസ്‌ലിഹ് മൗഊദ് എന്നോ നാം എഴുതിയിട്ടില്ല. എന്നാൽ 1886 ഫെബ്രുവരി 20-ാം തിയ്യതി പ്രസിദ്ധീകരിച്ച നമ്മുടെ വിജ്ഞാപനത്തിൽ ചില സന്താനങ്ങളെകുറിച്ച് അവർ ചെറുപ്രായത്തിൽ മരിക്കുന്നതാണെന്ന പ്രവചനം അടങ്ങിയിട്ടുണ്ട്. അതുകൊണ്ട്, ചിന്തിക്കുക. ഈ കുട്ടിയുടെ മരണത്തോടുകൂടി ഒരു പ്രവചനം പുലരുകയാണോ ചെയ്തത് അതല്ല പുലരാതാകുകയാണോ? മാത്രമല്ല, നാം ജനങ്ങളുടെ ഇടയിൽ പ്രസിദ്ധീകരിച്ച ഇൽഹാമുകളിൽ അധികവും ഈ കുട്ടിയുടെ മരണത്തേയാണ് സൂചിപ്പിക്കുന്നത്. 1886 ഫെബ്രുവരി 20-ാം തിയ്യതിയിലെ വിജ്ഞാപന

ത്തിൽ 'സുന്ദരനായ പരിശുദ്ധ പുത്രൻ' നിന്റെ അതിഥി യായി വരുന്നുണ്ട് എന്ന് കാണാം. ഈ അതിഥി എന്നത് ഈ കുട്ടിയെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ അതിഥി എന്ന വാക്ക് തന്നെ അവന്റെ കുറഞ്ഞ ആയുസ്സും പെട്ടെന്ന് മരിക്കുന്നതാണെന്നുമുള്ള സൂചനയും നൽകുന്നുണ്ട്. കാരണം അതിഥി കുറച്ച് ദിവസം നിന്നതിനുശേഷം തിരിച്ചുപോകുന്നതാണ്. നമ്മുടെ കൺമുമ്പിൽ വെച്ചുതന്നെ വിട പറഞ്ഞുപോകുന്നതാണ്. എന്നാൽ മറ്റുള്ളവരെ യാത്ര അയക്കുന്നവൻ അതിഥിയായിരിക്കില്ല. ആ വിജ്ഞാപനത്തിലുണ്ടായിരുന്ന മറ്റൊരു വചനം 'അവൻ പാപങ്ങളിൽ നിന്നും പൂർണ്ണമായും മുക്തനായിരിക്കും' എന്നതും അവന്റെ കാലാവധി വളരെ കുറച്ച് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്നതി ലേക്കുള്ള സൂചനയായിരുന്നു. എന്നാൽ ഇതെല്ലാം മുസ്‌ലിഹ് മൗഊദിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത് എന്ന വഞ്ചനയിൽ അകപ്പെട്ടു പോകരുത്. മുകളിൽ പറയപ്പെട്ട എല്ലാ ഇൽഹാമുകളും മരിച്ചു പോയ കുട്ടിയെ കുറിച്ചായിരുന്നു എന്ന് ഇൽഹാം മുഖേന എനിക്ക് വെളിപ്പെടുത്തപ്പെടുകയുണ്ടായി. എന്നാൽ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനം തുടങ്ങുന്നത് 'അവന്റെ കൂടെ അനുഗ്രഹമുണ്ടാകും അത് അവന്റെ വരവോടുകൂടി വരുന്നതാണ്' എന്നതുമുതലാണ്. ചുരുക്കത്തിൽ മുസ്‌ലിഹ് മൗഊദിന്റെ നാമം ഇൽഹാമിൽ *ഫള്ൽ* എന്ന് വെച്ചിട്ടുണ്ട്. അവന്റെ മറ്റൊരു പേര് *മഹ്മൂദ്* എന്നും മൂന്നാമത്തെ പേര് *രണ്ടാം ബശീർ* (*ബശീർ സാനി*) എന്നുമാണ്. ഒരു ഇൽഹാമിൽ അവന്റെ പേര് *ഫള്‌ലെ ഉമർ* എന്നാ ണെന്നും വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ബശീർ അവ്വൽ ജനിക്കു കയും തിരിച്ചെടുക്കപ്പെടുകയും ചെയ്യുന്നതുവരെ ഈ വാഗ്ദത്ത പുത്രന്റെ ജനനം നടക്കാൻ പാടില്ലായിരുന്നു. കാരണം ഈ കാര്യങ്ങളിലെല്ലാം അല്ലാഹുവിന്റെ ഹിക്മത്ത് അവന്റെ കാൽകീഴിലാണ് വെച്ചിരുന്നത്. ഇപ്പോൾ മരിച്ചുപോയ ബശീർ അവ്വൽ ബശീർ സാനിക്ക് വഴിയൊരുക്കാനായി വന്നവനാണ്. അതുകൊണ്ടാണ് രണ്ടുപേരെക്കുറിച്ച് ഒരു ഇൽഹാമിൽ ഒരേസ്ഥലത്ത്തന്നെ പ്രതി പാദിച്ചിരിക്കുന്നത്.

ഈ പ്രവചനം പ്രസിദ്ധീകരിച്ചതിന്റെ മൂന്ന് വർഷത്തിനുശേഷം 1889 ജനുവരി 12-ാം തിയ്യതി ഈ വാഗ്ദത്ത പുത്രൻ ജനിക്കുക യുണ്ടായി. അദ്ദേഹത്തിന് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എന്ന് പേരിട്ടു. *സിർറുൽ ഖിലാഫ* എന്ന തന്റെ ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം എഴുതുന്നു; (ഈ പുസ്തകം 1894ലാണ് രചിച്ചത്.) അതിൽ എഴുതുന്നു; 'എന്റെ ചെറിയ മകന് (ബശീർ അവ്വൽ) അല്ലാഹു മുലകുടി പ്രായത്തിൽ തന്നെ മരണം നൽകി. അപ്പോൾ അല്ലാഹു ഇൽഹാം മുഖേന എന്നെ അറിയിച്ചു, 'നാം ആ കുട്ടിയെ നിന്നോടുള്ള ഇഹ്സാൻ മുഖേന നിന്നിലേക്ക് തിരിച്ചയക്കുന്നതാണ്'. അതേ പോലെ ബശീർ സാനിയുടെ മാതാവും സ്വപ്നത്തിൽ കാണുകയുണ്ടായി, ബശീർ വന്നിരിക്കുന്നു എന്നിട്ട് അവൻ പറയുകയാണ്, 'ഞാൻ താങ്കളെ വളരെ സ്നേഹത്തോടുകൂടി കൂടിക്കാഴ്ച നടത്തുന്നതാണ്. വേഗം വേർപിരിയുന്നതല്ല.' ഈ ഇൽഹാമിനും സ്വപ്നത്തിനും ശേഷം അല്ലാഹു എനിക്ക് മറ്റൊരു മകനെ നൽകി. അപ്പോൾ എനിക്ക് ബോധ്യമായി ഇവനാണ് വാഗ്ദത്തം ചെയ്യപ്പെട്ട ബശീർ. അല്ലാഹു തന്റെ വാക്കു കൾ നിറവേറ്റുന്നവനാണ്. അതിനാൽ ഈ മകന്റെ പേര് ഞാൻ ബശീർ എന്നുതന്നെ വെച്ചു. ഈ കുട്ടിയിൽ എനിക്ക് ബശീർ അവ്വലിന്റെ രൂപം ദർശിക്കാൻ സാധിക്കുന്നുണ്ട്."

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ മഹാനായ സുതനിൽ, ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിൽ മുസ്‌ലിഹ് മൗഊദിന്റെ പ്രവചനം പ്രൗഢോജ്ജ്വലമായ രീതിയിൽ പുലരുകയുണ്ടായി. ഒരു ലോകം തന്നെ ഇത് ഏറ്റുപറയുകയുണ്ടായി. ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ വഫാത്തിനുശേഷം അദ്ദേഹം ഖലീഫയായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 52 വർഷം അദ്ദേഹത്തിന്റെ ഖിലാഫത്ത് നില നിന്നു. അദ്ദേഹത്തിന്റെ കാലത്ത് ജമാഅത്ത് ഇന്ത്യക്ക് വെളിയിൽ മറുനാടുകളിൽ വ്യപിച്ചതുതന്നെയും ഈ പ്രവചനത്തിന്റെ സത്യതക്കുള്ള സജീവമായ തെളിവാകുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തെ ഇപ്പോൾ വിവരിക്കുക എന്നത് പ്രയാസം മാത്രമല്ല അസാധ്യവുമാണ്.

ഈ അവസരത്തിൽ ഈ പ്രവചനത്തിന്റെ പുലർച്ചയെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞതും അന്വർ പറഞ്ഞതുമായ കാര്യങ്ങൾ കേൾപ്പിക്കാം.

മറ്റൊരുകാര്യം നാം മനസ്സിലാക്കേണ്ടത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) താനാണ് മുസ്‌ലിഹ് മൗഊദ് എന്ന് അല്ലാഹു പറയാത്തതുവരെ അത് സ്വയം വെളിപ്പെടുത്തിയിരുന്നില്ല. അല്ലാഹുവിൽനിന്നും അറിവ് ലഭിച്ചതിനുശേഷം 1944 ലാണ് താൻ തന്നെയാണ് മുസ്‌ലിഹ് മൗഊദിന്റെ പ്രവചനത്തിൽ പറയപ്പെട്ട വ്യക്തി എന്ന് ലോകത്തോട് പറഞ്ഞത്. 'ഇസ്ലാം ലോകത്തിന്റെ കോണുകളോളം എത്തിക്കും എന്ന് പറയപ്പെട്ട ആ മുസ്‌ലിഹ് മൗഊദും ഞാൻ തന്നെ. ഞാൻ മുഖേന തൗഹീദ് ലോകത്ത് സ്ഥാപിതമാകുന്നതാണ്.'

ഈ പ്രവചനം പൂർത്തിയായതിനെകുറിച്ച് അന്വർ പറഞ്ഞത് ഞാൻ ആദ്യം കേൾപ്പിക്കാം. മൗലവി സമീഉല്ലാഹ് ഖാൻ സാഹിബ് ഫാറൂഖി പ്രസദ്ധനായ ഒരു അനഹ്മദീ പണ്ഡിതനായിരുന്നു. പാകിസ്ഥാന്റെ സ്ഥാപനത്തിനുമുൻപ് *ഇസ്ഹാറെ ഹഖ്* എന്ന നോട്ടീസിൽ ഇപ്രകാരം എഴുതി. 'അദ്ദേഹത്തിന് (വാഗ്ദത്ത മസീഹിന്) ഇപ്രകാരം ഒരറിയിപ്പ് ലഭിച്ചിരുന്നു, അതായത് നിന്റെ ജമാഅത്തിന്നായി നിന്റെ സന്താനങ്ങളിൽപ്പെട്ട ഒരാളെ നൽകുന്നതാണ്. അവനെ തന്റെ സാമീപ്യവും വഹ്‌യ്കളും മുഖേന അനുഗ്രഹിക്കുന്നതാണ്. അവൻ മുഖേന സത്യം വിജയിക്കുന്നതാണ്. പലരും സത്യം സ്വീകരിക്കുന്നതാണ്.' ഈ പ്രവചനത്തെ നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് വായിക്കുവിൻ. ഈ പ്രവചനം പൂർത്തിയായിട്ടില്ലേയെന്ന് ആത്മാർത്ഥതയോടുകൂടി പറഞ്ഞാലും. ഈ പ്രവചനം ചെയ്ത സമയത്ത് ഇപ്പോഴുള്ള ഖലീഫ ഒരു കുട്ടിയായിരുന്നു. ഇദ്ദേഹത്തെ ഖലീഫയാക്കണമെന്ന ഒരു വസി യ്യത്തും മിർസാ സാഹിബ് ചെയ്യുകയും ചെയ്തിട്ടില്ല. ഖിലാഫത്തിന്റെ തെരഞ്ഞെടുപ്പ് ജനങ്ങളുടെ ഭൂരിപക്ഷാഭിപ്രായത്തിന് വിട്ടിരിക്കുകയായിരുന്നു. ആദ്യത്തെ ഖലീഫയായി ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെയാണ് ഭൂരിപക്ഷം ജനങ്ങളും തെരഞ്ഞെടുത്തത്. ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എതിരാളികൾ ഈ പ്രവചനം പൊക്കിപ്പിടിച്ച് പരിഹസിക്കുകപോലും ചെയ്യുകയുണ്ടായി. എന്നാൽ ഹക്കീം സാഹിബിന്റെ ഖിലാഫത്തിനുശേഷം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫയായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ കാലത്ത് അഹ്മദിയ്യത്ത് കൈവരിച്ച വിജയം അത്ഭുതാവഹമാണ്. മിർസാ സാഹിബിന്റെ കാലത്തു പോലും അഹ്മദികളുടെ എണ്ണം വളരെ കുറവായിരുന്നു. ഖലീഫ നൂറുദ്ദീന്റെ കാലത്തും പറയത്തക്ക അഭിവൃദ്ധിയൊന്നും ഉണ്ടായിട്ടില്ല. എന്നാൽ ഇപ്പോഴുള്ള ഖലീഫയുടെ കീഴിൽ 'മിർസാ ഇയ്യത്ത്' ലോകത്തിന്റെ എല്ലാഭാഗത്തും എത്തിയിരിക്കുന്നു.

ഇപ്പോഴുള്ള കണക്ക് നമ്മോട് പറയുന്നത് അടുത്ത കാനേഷുമാരി കണക്കെടുക്കുമ്പോൾ (1931-ലെ കാര്യമാണ് പറയുന്നത്) മുമ്പത്തെക്കാളും ഇരട്ടിയിൽ കൂടുതൽ എണ്ണം കാണിക്കുന്നതാണ്. എന്നാൽ മിർസായിയ്യത്തിനെ തകർക്കുന്നതിനുവേണ്ടി സംഘടിതമായ പ്രവർത്തനങ്ങൾ എതിരാളികളിൽനിന്ന് ഇതിനുമുമ്പ് ഇത്ര ശക്തമായി ഉണ്ടായിട്ടില്ല.

ഇത് അനഹ്മദിയായ ഒരാളുടെ അഭിപ്രായപ്രകടനമാണ്. കുറച്ചൊക്കെ യാഥാർത്ഥ്യങ്ങൾ എഴുതാൻ അറിയുന്ന ഒരാളായിരുന്നു ഇദ്ദേഹം. ഇന്നത്തെ പണ്ഡിതന്മാരെപ്പോലെ തികച്ചും അന്ധനല്ലായിരുന്നു.

'ചുരുക്കത്തിൽ അദ്ദേഹത്തിന്റെ സന്താനങ്ങളിൽനിന്ന് ഒരാളെ ജമാഅത്തിന്നായി എഴുന്നേൽപ്പിക്കപ്പെട്ടു. അദ്ദേഹം മുഖേന ജമാഅത്തിന്ന് അത്ഭുതാവഹമായ വിജയം ലഭിക്കുകയും ചെയ്തു. ഇതിൽനിന്നും വ്യക്തമാകുന്നത് മിർസാ സാഹിബിന്റെ പ്രവചനം അക്ഷരം പ്രതി പുലർന്നിരിക്കുന്നു എന്നാണ്.' രങ്കീൻ അമൃത്സർ പത്രത്തിന്റെ എഡിറ്ററായ ഒരു അമുസ്ലീം എഴുത്തുകാരൻ അർജ്ജുൻ സിങ്ങ് എഴുതുന്നു; ഇപ്പോഴുള്ള ഖലീഫ കുട്ടിയായിരുന്ന കാലത്ത് 1901-ൽ മിർസ സാഹിബ് ഒരു പ്രവചനം ചെയ്തിരുന്നു. (ഇദ്ദേഹം 1901 എന്നാണ് എഴുതിയത് കാരണം ദുർരേ സമീൻ എന്ന ഗ്രന്ഥത്തിലെ ഒരു പദ്യമാണ് അദ്ദേഹം എഴുതുന്നത്. ആ പദ്യം ഇപ്രകാരമാണ്, മസീഹ് മൗഊദ് (അ) അല്ലാഹുവിനോട് പറയുകയാണ്, *നീ എനിക്ക് ഒരു മകനെ കുറിച്ചുള്ള സുവാർത്ത നൽകി. ഒരു കാലത്ത് ആ കുട്ടി എന്റെ പ്രിയനായി മാറുന്നതാണ്. ഈ ചന്ദ്രൻ അന്ധകാരത്തെ നീക്കുന്നതാണ്. പ്രപഞ്ചത്തിനു ഞാൻ ഒരു പുതു ലോകം കാണിക്കുന്നതാണ്.* ഈ പ്രവചനത്തെക്കുറിച്ചാണ് പറയുന്നത്.) ഈ പ്രവചനം വളരെ അത്ഭുതകരമായതാണ്. 1901-ൽ മിർസാ ബശീറുദ്ദീൻ വലിയ പണ്ഢിതനൊന്നും ആയിരുന്നില്ല. അദ്ദേഹത്തിന്റെ രാഷ്ട്ര നൈപുണ്യം അന്ന് വെളിപ്പെട്ടിരുന്നുമില്ല. ഈ അവസരത്തിൽ ഇന്ന ഇന്ന ഗുണങ്ങളോടുകൂടിയ ഒരു മകൻ ഉണ്ടാകും എന്ന് വിളംബരപ്പെടുത്തുക എന്നത് തീർച്ചയായും ആത്മീയ ശക്തിയെയാണ് തെളിയിക്കുന്നത്. മിർസാ സാഹിബ് ഒരു വാദം ഉന്നയിച്ച് ഒരു പ്രസ്ഥാനത്തിന് ഇവിടെ തുടക്കം കുറിച്ചതുകൊണ്ട് തന്റെ മരണശേഷം പിൻഗാമിയായി തന്റെ മകൻ വാഴ്ത്തപ്പെടുമെന്ന് ഒരു പക്ഷെ അദ്ദേഹം ധരിച്ചിരിക്കാം എന്നൊക്കെ പറഞ്ഞ് നമുക്ക് രക്ഷപ്പെടാം. എന്നാൽ ഇത് തികച്ചും തെറ്റായ ധാരണയാണെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നു. കാരണം മിർസാ സാഹിബ് ഖിലാഫത്തിനെ തന്റെ കുടുംബവുമായി ബന്ധപ്പെടുത്തുകയോ ഖലീഫമാർ തന്റെ മക്കളിൽനിന്നായിരിക്കുമെന്ന് പറയുകയോ ചെയ്തിട്ടില്ല. ആദ്യത്തെ ഖലീഫക്ക് മിർസാ സാഹിബുമായി കുടുംബപരമായ ഒരു ബന്ധവും ഉണ്ടായിരുന്നില്ല. മാത്രമല്ല മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന് ശേഷവും മറ്റുള്ളവർക്ക് ഖലീഫമാരാകാനുള്ള അവസരം ഉണ്ടായിരുന്നു. ഈ സമയത്ത് ലാഹോർ ജമാഅത്തിന്റെ അമീറായിരുന്ന മൗലവി മുഹമ്മദലി ഖലീഫയുടെ സ്ഥാനാർത്ഥിത്വത്തിൽ വരുമായിരുന്നു. എന്നാൽ ഭൂരിഭാഗം ജനങ്ങളും മിർസാ ബശീറുദ്ദീന്റെ കൂടെയാണ് നിന്നത്. അങ്ങിനെയാണ് അദ്ദേഹം ഖലീഫയായത്."

അർജ്ജുൻ സിംങ്ങ് സാഹിബ് എഴുതുന്നു. "വലിയ മിർസാ സാഹിബിൽ ആത്മീയമായ ഏതോ ഒരു ശക്തി പ്രവർത്തിക്കുന്നില്ലായിരുന്നെങ്കിൽ തന്റെ ഒരു മകൻ ഈവിധ ഗുണങ്ങളോടു കൂടിയവനായിരിക്കും എന്ന് അദ്ദേഹത്തിന് എങ്ങിനെ അറിയാൻ സാധിച്ചു. ആ സമയത്ത് അദ്ദേഹത്തിന് മൂന്ന് മക്കളുണ്ടായിരുന്നു. എന്നാൽ പ്രവചനം ഒരു മകനെക്കുറിച്ചുമാത്രമാണ്. ഈ പ്രവചനം വളരെ വ്യക്തമായി പുലർന്നതായി നാം കാണുന്നു. മാത്രമല്ല ആ സുതൻ ലോകത്ത് വലിയ വിപ്ലവം സൃഷ്ടിക്കുകയും ചെയ്തു."

വാഗ്ദത്ത പുത്രനെക്കുറിച്ച് പ്രവചനത്തിലുള്ള ഒരു അടയാളം 'ഇസ്ലാം മതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്ക് വെളിപ്പെടുന്നതാകും' എന്നതാണ്. ഇതു സംബന്ധമായി അന്യരുടെ സാക്ഷ്യം കേൾപ്പിക്കാം. സമീൻദാർ പത്രത്തിൽ മൗലവി സഫർ അലി സാഹിബ് എഴുതുന്നു; ഇദ്ദേഹം പ്രസിദ്ധനായ മുസ്ലിം നേതാവും ഉജ്ജ്വല വാഗ്മിയും ആയിരുന്നു. "സശ്രദ്ധം കേട്ടാലും നിങ്ങൾക്കും നിങ്ങളുടെ കൂട്ടാളികൾക്കും ഖിയാമത്ത് നാൾ വരെ മിർസാ മഹ്മൂദിനെ നേരിടാൻ സാധ്യമല്ല. മിർസാ മഹ്മൂദിന്റെ കയ്യിൽ ഖുർആൻ ഉണ്ട്. ഖുർആന്റെ അറിവുണ്ട്. നിങ്ങളുടെ കയ്യിൽ എന്താണുള്ളത്? നിങ്ങൾ സ്വപ്നത്തിൽപ്പോലും ഖുർആൻ പഠിച്ചിട്ടുണ്ടോ? മിർസാ മഹ്മൂദിന്റെ അടുത്ത് തങ്ങളുടെ സർവ്വവും അദ്ദേഹത്തിന്റെ സമക്ഷം സമർപ്പിക്കാൻ തയ്യാറുള്ള ജമാഅത്തുണ്ട്. മിർസാ മഹ്മൂദിന്റെ അടുത്ത് മുബലിഗ്മാരുണ്ട്. വിവിധ വിഷയങ്ങളിൽ നൈപുണ്യം കരസ്ഥമാക്കിയവരുണ്ട്. ലോകത്തുള്ള സർവ്വ നാടുകളിലും അദ്ദേഹം തന്റെ പതാക നാട്ടിയിരിക്കുകയാണ്."

പ്രവചനത്തിൽ പറയപ്പെട്ട മറ്റൊരടയാളം 'അദ്ദേഹം സഹനശീലനും ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ നിറക്കപ്പെട്ട'വനുമാണെന്നാണ്. ഇതുസംബന്ധമായി അന്യരുടെ സാക്ഷ്യം കേൾക്കുക.

പ്രസിദ്ധ എഴുത്തുകാരനായ ഹസൻ നിസാമീ സാഹിബ് ദഹ്ലി മുസ്ലിഹ് മൗഊദ് (റ)നെകുറിച്ച് എഴുതുന്നു; "അദ്ദേഹം സ്ഥിരമായ രോഗിയാണ്. (ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ചെറുപ്പത്തിൽ തന്നെ രോഗിയായിരുന്നു. അദ്ദേഹം സ്വയം എഴുതുന്നുണ്ട്, ചെറുപ്പത്തിൽ തന്നെ എന്റെ ആരോഗ്യസ്ഥിതി വളരെ മോശമായിരുന്നു. നേത്രരോഗമുണ്ടായിരുന്നു. അത് കാരണം വായിക്കാൻ കഴിയില്ലായിരുന്നു. കണ്ണ് വീർത്ത് വരികയും ഒന്നും കാണാൻ കഴിയാത്ത ഒരവസ്ഥയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് പോയി ഉസ്താദുമാർ എന്നെകുറിച്ച് പരാതിപ്പെടാറുണ്ടായിരുന്നു. ഒരിക്കൽ നാസിർ നവാബ് സാഹിബും പരാതിപ്പെടുകയുണ്ടായി. കണക്ക് അറിയില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ പരാതി. ഇങ്ങിനെയുള്ള പരാതി കേട്ടാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) 'നാം ഇവനെ ജോലിയിലൊന്നും പ്രവേശിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് പറഞ്ഞ് ചിരിച്ച് തള്ളിക്കളയുമായിരുന്നു.ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖലീഫത്തുൽ മസീഹ് അവ്വലിനോട് മകനെക്കുറിച്ച് അഭിപ്രായം ചോദിക്കാറുണ്ട്. അദ്ദേഹം പറയാറുള്ളത് ഒരു കുഴപ്പവും ഇല്ലെന്നാണ്. ഭൗതിക വിദ്യാഭ്യാസം അദ്ദേഹം കരസ്ഥമാക്കിയിരുന്നില്ല. (ദീനി അറിവും ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സദസ്സിലിരുന്ന് കേൾക്കുന്നതായിരുന്നു.)

ഭൗതികവും ആത്മീയവുമായ അറിവിനാൽ നിറക്കപ്പെടും എന്നതിനെകുറിച്ച് ഹസൻ നിസാമി സാഹിബ് എഴുതുന്നു; 'അദ്ദേഹം സ്ഥിരമായ രോഗിയാണ്. എന്നാൽ ഈ രോഗം അദ്ദേഹത്തിന്റെ പ്രവർത്തനത്തിന് ഒരു തടസ്സമായിരുന്നില്ല. എതിർപ്പുകളുടെ കൊടുങ്കാറ്റുകളാഞ്ഞടിച്ചപ്പോഴും സമാധാനത്തോടെ

അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോയിക്കൊണ്ട് മുഗളന്മാരുടെ ധീരത പ്രകടിപ്പിക്കുകയുണ്ടായി. മുഗളന്മാരെ പോലെ പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ട്. ഭരണതലത്തിലും മത വിജ്ഞാന രംഗത്തും നല്ല പരിജ്ഞാനമുള്ള ആളായിരുന്നു. യുദ്ധ നൈപുണ്യ വുമുണ്ട്. അഥവാ ബുദ്ധിപരമായി യുദ്ധത്തിന്റെ ധീരനായ പടനായക നാണ് അദ്ദേഹം.

പ്രവചനത്തിലുള്ള മറ്റൊരടയാളം 'അവൻ ബന്ധനസ്ഥരുടെ മോചനത്തിന് കാരണമായിത്തീരും' എന്നാണ്. ഈ അടയാളവും വളരെ വ്യക്തമായ നിലയിൽ പുലരുകയുണ്ടായി. ഇന്ന് നമ്മേകുറിച്ച് പറയാറുള്ളത് നാം ജിഹാദിന്നെതിരാണ്, അതേപോലെ കാശ്മീരികൾ ക്കെതിരാണ് എന്നെല്ലാമാണ്. എന്നാൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) നടത്തിയ പ്രയത്നങ്ങളെ കുറിച്ച് ചിലത് ഞാൻ കേൾപ്പിക്കാം.

തഹ്‌രീഖ് ആസാദി-യെ കാശ്മീർ എന്നത് അദ്ദേഹമാണ് തുടങ്ങിയത്. ഓൾ ഇന്ത്യ കാശ്മീർ കമ്മിറ്റിയുടെ രൂപീകരണത്തിന് ചുക്കാൻ പിടിച്ചത് അദ്ദേഹമായിരുന്നു. ഇതിൽ പ്രമുഖ നേതാ ക്കൻമാർ പങ്കെടുക്കുകയുണ്ടായി. സർ സുൽഫിക്കർ അലിഖാൻ, ഡോക്ടർ ഇക്ബാൽ, ഖാജാ ഹസൻ നിസാമീ, സയ്യിദ് അസീസ് എഡിറ്റർ സിയാസത്ത് തുടങ്ങിയ പ്രമുഖർ ഇതിൽ അംഗങ്ങളായി. ഇവരുടെ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് മുസ്ലിഹ് മൗഊദ് (റ) ഇതിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്. ഇതു മുഖേന നൂറ്റാണ്ടുകളായി മനുഷ്യാവകാശങ്ങൾ നിഷേധിക്ക പ്പെട്ടിരുന്ന കാശ്മീർ മുസ്ലിംകൾക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്തു. *മുസ്ലിം ഫ്രണ്ട്* ഖലീഫത്തുൽ മസീഹിന്റെ സ്തുത്യർഹമായ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് ഇത്രവരെ എഴുതി. 'കാശ്മീരി കളുടെ അവസ്ഥ വളരെ മോശമായ ആ നാളുകളിൽ വിശ്വാസ വൈപരീത്യം നിലനിൽക്കേതന്നെ മിർസാ സാഹിബിനെ അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തവർക്ക് അതിനു ശേഷമുള്ള പ്രവർ ത്തനങ്ങൾ വിലയിരുത്തുമ്പോൾ ഈ തെരഞ്ഞെടുപ്പ് എന്തുകൊ ണ്ടും ഉത്തമമായിരുന്നുവെന്ന് മനസ്സിലാകുന്നതാണ്. ആ സമയത്ത് വിശ്വാസവൈപരീത്യത്തിന്റെ പേരിൽ മിർസാ സാഹിബിനെ തിര ഞ്ഞെടുത്തിട്ടില്ലായിരുന്നെങ്കിൽ ഈ പദ്ധതി തീർച്ചയായും പരാജ യമടയുമായിരുന്നു. മുസ്ലിം ഉമ്മത്തിന് വലിയ നഷ്ടമായിരിക്കും അതുകൊണ്ട് ഉണ്ടാകുമായിരുന്നത്'.

അബ്ദുൽ മജീദ് സാലിക് സാഹിബ് *തഹ്‌രീഖ് ആസാദിയെ കാശ്മീരി*ന്റെ പ്രവർത്തനത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പറ യുന്നു; ശൈഖ് മുഹമ്മദ് അബ്ദുല്ലാഹ്, ശേരെ കാശ്മീർ ഇതേ പോലെ മറ്റുപ്രവർത്തകരും മിർസാ മഹ്മൂദ് അഹ്മദുമായും അദ്ദേഹ ത്തിനുശേഷമുള്ള പ്രവർത്തകരുമായും പരസ്യമായ ബന്ധം പുലർ ത്തിയിരുന്നു. ഇവരുമായി പരസ്യമായ ബന്ധം നിലനിർത്തുവാനു ള്ള കാരണം മിർസാസാഹിബിന്റെ കൈവശം സാമ്പത്തികശേഷി ഉള്ളതു കൊണ്ട് പല മാർഗ്ഗത്തിലൂടെയും അദ്ദേഹം ഈ പദ്ധതിയെ സഹായിച്ചിട്ടുണ്ട് എന്നതാണ്. (നമ്മുടെ കൈവശം കൂടുതൽ സമ്പ ത്തൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഉള്ളത് വേണ്ടപ്പെട്ടസ്ഥലത്ത് ശരിയായ രീതിയിൽ വിനിയോഗിച്ചിരുന്നു.) കാശ്മീരിലെ പ്രവർ ത്തകർ അദ്ദേഹത്തോട് കൃതജ്ഞത ഉള്ളവരായിരുന്നു'.

പ്രസിദ്ധ എഴുത്തുകാരനായ സയ്യിദ് അസീഹ് സാഹിബ് ലാഹോ റിൽനിന്നും പ്രസിദ്ധീകരിക്കുന്ന *സിയാസത്ത്* എന്ന പത്രത്തിന്റെ എഡിറ്ററും ഓൾ ഇന്ത്യാ കാശ്മീർ കമ്മറ്റിയുടെ മെമ്പറുമായിരുന്നു. കമ്മറ്റിയിൽ നിന്നും മുസ്ലിഹ് മൗഊദ് (റ) രാജി വെച്ചപ്പോൾ അദ്ദേഹം 1933 മെയ് 18-ന് ഇറങ്ങിയ തന്റെ പത്രത്തിൽ എഴുതി. എന്റെ അറിവ് വെച്ചുനോക്കുമ്പോൾ ഡോക്ടർ ഇക്ബാലിനും മലിക്ക് ബർ ക്കത്തലി സാഹിബിനും പല നല്ല കഴിവുകളും ഉണ്ടെങ്കിൽകൂടി അവർക്ക് ഈ പദ്ധതിയെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കില്ല എന്നാണ് മനസ്സിലാകുന്നത്. കാശ്മീരിന്റെ അവസ്ഥ വളരെ മോശമാ യിരുന്ന സ്ഥിതിയിൽ വിശ്വാസ വൈപരീത്യങ്ങൾ ഉണ്ടായിട്ടുകൂടി മിർസാ സാഹിബിനെ പ്രസിഡന്റായി തെരഞ്ഞെടുത്തവർ പ്രവർ ത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് അവർ ഏറ്റവും ഉത്ത മമായ തെരഞ്ഞെടുപ്പാണ് നടത്തിയിരുന്നതെന്ന് ലോകത്തിന് ബോ ധ്യമാകുന്നതാണ്. വിശ്വാസവൈപരീത്യത്തിന്റെ പേരിൽ മിർസാ സാഹിബിനെ അന്ന് തെര ഞ്ഞെടുത്തിട്ടില്ലായിരുന്നെങ്കിൽ ഈ പ്രവർത്തനം തന്നെ അമ്പേ പരാജയപ്പെട്ടുപോകുമായിരുന്നു. മുസ്ലിംകൾക്ക് വലിയ നഷ്ടം വരികയും ചെയ്യുമായിരുന്നു.

എന്റെ അഭിപ്രായത്തിൽ മിർസാ സാഹിബിന്റെ സ്ഥാനത്യാഗം ഈ കമ്മിറ്റിയുടെ മരണത്തിന് തുല്യമാണ്. ചുരുക്കത്തിൽ ഇപ്പോൾ നാം ചെയ്ത തെരഞ്ഞെടുപ്പ് എത്രമാത്രം മോശമാണെന്ന് ലോക ത്തിന് വ്യക്തമാകുന്നതാണ്'. (ഈ കമ്മിറ്റി ഇനി എന്ത് ചെയ്യുമെന്ന റിയാം. മാത്രമല്ല, ഈ അവസ്ഥ ലോകം കാണുകയും ചെയ്തു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ എഴു തുന്നു. "വളരെ ചുരുങ്ങിയ കാലത്തെ യുദ്ധത്തിനുശേഷം ഈ പ്രസ്ഥാനം ജനങ്ങൾക്കിടയിൽ വലിയ സ്വാധീനം ഉണ്ടാക്കുകയും ബ്രിട്ടീഷ് ഗവൺമെന്റ് പോലും ഇതിന്റെ മുമ്പിൽ ആയുധം വെച്ച് കീഴടങ്ങുകയുമുണ്ടായി. കാശ്മീരിലെ നൂറ്റാണ്ടുകളായി വീർപ്പു മുട്ടിക്കഴിഞ്ഞിരുന്ന അടിമകൾ കണ്ണുതുറന്നുകൊണ്ട് സ്വാതന്ത്ര്യ ത്തിന്റെ വായു ശ്വസിക്കാൻ തുടങ്ങി. കാശ്മീരികൾക്ക് അസംബ്ലി ലഭിച്ചു. പത്രസ്വാതന്ത്ര്യം ലഭിച്ചു. മുസ്ലിംകൾക്ക് തുല്യ തൊഴില വസരങ്ങൾ ലഭിച്ചു. കൃഷിയിടങ്ങളിൽ അധികാരം ലഭിച്ചു. വിദ്യാ ഭ്യാസ സൗകര്യങ്ങൾ ലഭിച്ചു. പലതും ലഭിക്കുന്നതിനുള്ള സൗകര്യ ങ്ങൾ ലഭിച്ചു. കാശ്മീരികൾ പൊതുസമ്മേളനങ്ങളിൽ ഇമാം ജമാ അത്ത് അഹ്മദിയ്യാ സിന്ദാബാദ്, സദർ കാശ്മീർ കമ്മറ്റി സിന്ദാബാദ് എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു. അന്യരും അവരുടെ സമ്മേളനങ്ങളിൽ നമുക്കനുകൂലമായി മുദ്രാവാക്യങ്ങൾ മുഴക്കു കയുണ്ടായി.

കാശ്മീർ ഏതുരീതിയിലാണ് അടിമത്വത്തിൽ കഴിഞ്ഞിരുന്നത് എന്നറിയാൻ ഒരു സംഭവം മുസ്ലിഹ് മൗഊദ്(റ) വിവരിച്ചത് ഞാൻ കേൾപ്പിക്കാം. 'ഒരിക്കൽ ഞങ്ങൾ കാശ്മീരിൽ പോയി. ഞങ്ങളുടെ കൂടെ കുറേ സാധനങ്ങൾ ഉണ്ടായിരുന്നു. ഒരു സർക്കാർ ഓഫീ സറോട് ഞങ്ങളുടെ സാധനങ്ങൾ ചുമക്കാൻ കൂലികളെ ഏർപ്പെ ടുത്താൻ ഞാൻ പറഞ്ഞു. അപ്പോൾ റോഡിലൂടെ ഒരാൾ നടന്നു പോകുന്നുണ്ടായിരുന്നു. ആ സർക്കാരി ഓഫീസർ പറഞ്ഞു, 'ഇവിടെ വാ'. എന്നിട്ട് അയാളോട് ആ സാധനങ്ങളെല്ലാം എടുത്ത് കൂടെ പോകാൻ കൽപ്പിച്ചു. കുറച്ച് ദൂരം ചെന്നപ്പോൾ ആ വ്യക്തി ക്ഷീണിച്ചവശനായപോലെ അതുമിതും പറയാൻ തുടങ്ങി .ഞാൻ അവനോട് പറഞ്ഞു, കാശ്മീരികൾ വളരെ ശക്തരാണല്ലോ? നിങ്ങ ൾക്ക് ഈ സാധനങ്ങൾപോലും എടുത്ത് നടക്കാൻ കഴിയുന്നില്ലേ? അപ്പോൾ അയാൾ പറഞ്ഞു, ഞാൻ എന്റെ പ്രദേശത്തെ വലിയ ഭൂഉടമയാണ്. ഇന്ന് എന്റെ വിവാഹമാണ്. ഞാൻ ഈ വഴി നടന്നു പോകുകയായിരുന്നു. അപ്പോഴാണ് ഇവർ പറഞ്ഞത് നിങ്ങളുടെ സാധനങ്ങൾ എടുക്കാൻ. ഇവരുടെ ഭരണമായതുകൊണ്ട്

ഞങ്ങൾക്ക് മറുത്തൊന്നും പറയാൻ പറ്റില്ല.' ഇതായിരുന്നു അവരുടെ അവസ്ഥ. നല്ല ആരോഗ്യവാന്മാരും സമ്പന്നരുമായവർ പോലും ഒരു നിസ്സാര ഗവർമെന്റ് ഉദ്യോഗസ്ഥന്റെ മുമ്പിൽ ഒന്നും പറയില്ലായിരുന്നു.

വിശുദ്ധഖുർആന്റെ ജ്ഞാനത്തെക്കുറിച്ച് അന്യരുടെ അഭിപ്രായം എന്തായിരുന്നു എന്ന് നോക്കാം. അല്ലാമാ നിയാസ് ഫതഹ് പൂരി സാഹിബ് എഡിറ്റർ നിഗാർ മാസിക എഴുതുന്നു, "തഫ്സീറെ കബീറിന്റെ മൂന്നാം വാള്യമാണ് ഇപ്പോൾ ഞാൻ വായിച്ചു കൊണ്ടിരിക്കുന്നത്. വളരെ ഗഹനമായാണ് ഞാൻ ഇത് വായിക്കുന്നത്. വിശുദ്ധ ഖുർആൻ പഠനത്തിന് പുതിയ ഒരു ചിന്താസരണി അദ്ദേഹം വെട്ടിത്തുറന്നിട്ടുണ്ട് എന്നതിന് സംശയമില്ല. ഈ രീതിയിലുള്ള ആദ്യത്തെ തഫ്സീറാണിത്. യുക്തിയേയും പ്രമാണത്തേയും വളരെ സുന്ദരമായ രീതിയിൽ ഇതിൽ സമർപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വൈജ്ഞാനികമായ കഴിവും ഉൾക്കാഴ്ചയും അസാധാരണമായ ദീർഘദൃഷ്ടിയും ഓരോ കാര്യങ്ങളും ഭംഗിയായി തെളിയിക്കുവാനുള്ള കഴിവും ഇതിലെ ഓരോ വാക്കിൽ നിന്നും പ്രകടമാണ്. ഈ ഗ്രന്ഥത്തെക്കുറിച്ച് ഇതുവരെ ഞാൻ അറിയാതെപോയത് എന്തുകൊണ്ടെന്നതിൽ ഞാൻ ദുഃഖിക്കുന്നു. എനിക്ക് എല്ലാ വാള്യങ്ങളും കിട്ടിയിരുന്നെങ്കിൽ! ഇന്നലെ ഞാൻ സൂറഃ ഹൂദിന്റെ വ്യാഖ്യാനമാണ് വായിച്ചിരുന്നത്. അതിൽ ഹദ്റത്ത് ഹൂദ്(അ) നെ കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വായിച്ചപ്പോൾ ഹൃദയം സന്തോഷം കൊണ്ട് നിറയുകയുണ്ടായി. അതുകൊണ്ടാണ് ഈ കത്തെഴുതാൻ ഞാൻ നിർബന്ധിതനായത്. '***ഹാ ഉലാഉ ബനാത്തീ*** എന്നതിന്റെ വ്യാഖ്യാനം എഴുതി ക്കൊണ്ട് മറ്റു വ്യാഖ്യാതാക്കളിൽനിന്നും വ്യത്യസ്ഥമായ ഒരു കാഴ്ച പ്പാട് അദ്ദേഹം സമർപ്പിക്കുകയുണ്ടായി. ഇതിനെ എത്രമാത്രം പ്രശംസിച്ചാലും മതിയാവില്ല. അല്ലാഹു താങ്കൾക്ക് ദീർഘായുസ്സ് നൽകുമാറാകട്ടെ.

(മറ്റു മുഫസ്സരീങ്ങൾ ഹദ്റത്ത് ഹൂദ് (അ) നെ കുറ്റപ്പെ ടുത്തുകയാണ് ചെയ്തിട്ടുള്ളത്. അദ്ദേഹം തന്റെ ജനതയോട് തന്റെ പെൺമക്കളെ കൊണ്ടുപോകാനും അതിന് പകരമായി തന്റെ അതിഥികളെ ബുദ്ധിമുട്ടിക്കരുതെന്നും പറഞ്ഞു എന്നാണ് എഴുതി യിട്ടുള്ളത്. എന്നാൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പുതിയ ഒരു ശൈലിയിലാണ് ഇതിന്റെ വ്യാഖ്യാനം എഴുതുമ്പോൾ സ്വീകരിച്ചിരുന്നത്. ഇത് വേറൊരു വിഷയമാണ്.)

മൗലാനാ അബ്ദുൽ മജീദ് ദര്യാബാദി വിശുദ്ധ ഖുർആന്റെ ജ്ഞാനത്തെക്കുറിച്ചെഴുതുന്നു.

ഖുർആനും ഖുർആന്റെ ജ്ഞാനവും അതിന്റെ ആഗോള പ്രചരണത്തിനും ഭൂതലമാകെയുള്ള ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനത്തിനും അദ്ദേഹം തന്റെ ദീർഘകാല ജീവിതത്തിൽ ചെയ്ത ധീരോദാത്തമായ പ്രവർത്തനങ്ങൾക്ക് അല്ലാഹു പ്രതിഫലം നൽകുമാറാകട്ടെ. വൈജ്ഞാനിക പരമായ രീതിയിൽ വിശുദ്ധ ഖുർആന്റെ അർത്ഥവും അതിന്റെ വ്യാഖ്യാനവും അദ്ദേഹം ചെയ്തത് ഉന്നതമായ നിലവാരം പുലർത്തുന്നതാണ്.

ഭൗതികവും ആത്മീയവുമായ അറിവുകളാൽ നിറക്കപ്പെടും എന്നതിനെകുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) സ്വയം എഴുതുന്നു. "ഇതിന്റെ അർത്ഥം അവൻ ഭൗതിക അറിവ് കരസ്ഥമാക്കും എന്നല്ല. അല്ലാഹു അവന് ഭൗതിക അറിവ് പഠിപ്പിച്ചുകൊടുക്കും എന്നാണ്. ഇവിടെ ഭൗതിക അറിവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗണിതശാസ്ത്രമോ സയൻസോ അല്ല. ഇവിടെ 'നിറക്കപ്പെടും' എന്ന വാക്കാണ് ഉപയോഗിക്കപ്പെട്ടത്. ഇത് പറയുന്നത് അല്ലാഹു മുഖേന അറിവ് പഠിപ്പിക്കപ്പെടും എന്നാണ്. അല്ലാഹു കണക്കും ഭൂമിശാസ്ത്രവും സയൻസുമല്ല പഠിപ്പിക്കാറുള്ളത്. മതവും വിശുദ്ധ ഖുർആനുമാണ് പഠിപ്പിക്കാറുള്ളത്. അതിനാൽ ഭൗതിക അറിവിനാൽ അവൻ നിറക്കപ്പെടും എന്നതിന്റെ അർത്ഥം അദ്ദേഹത്തിന് അല്ലാഹുവിൽനിന്ന് മതവിജ്ഞാനവും വിശുദ്ധഖുർആന്റെ ജ്ഞാനവും പഠിപ്പിക്കപ്പെടും എന്നാണ്. അല്ലാഹു സ്വയം അദ്ദേഹത്തിന്റെ അദ്ധ്യാപകനായിത്തീരുന്നതാണ്."

ഞാൻ ഒരിക്കൽ ഒരു ദർശനത്തിൽ കാണുന്നു, ഞാൻ ഒരു സ്ഥലത്ത് കിഴക്കോട്ട് മുഖം തിരിച്ചുനിൽക്കുന്നു. മണിമുഴക്കം പോലുള്ള ശബ്ദം എനിക്ക് ആകാശത്തുനിന്ന് കേൾക്കാൻ സാധിച്ചു. പിച്ചള പാത്രം മുട്ടുമ്പോൾ 'ടൻ, ടൻ' എന്ന ശബ്ദം വരുന്നതുപോലെയുള്ള ശബ്ദം. ഞാൻ നോക്കിനിൽക്കേ ആ ശബ്ദം ആകാശം മുഴുവനും വ്യാപിച്ചു. അതിനുശേഷം ഞാൻ കാണുന്നത്, ആ ശബ്ദം രൂപാന്തരപ്പെട്ട് ഒരു ചിത്രത്തിന്റെ ഫ്രെയിം ആയി മാറി. ആ ഫ്രെയിം ഇളകാൻ തുടങ്ങി. അതിൽ വളരെ സുന്ദരവും സുരഭിലവുമായ ഒരു രൂപം പ്രത്യക്ഷപ്പെട്ടു. കുറച്ച് കഴിഞ്ഞപ്പോൾ ആ ചിത്രം ഇളകാൻ തുടങ്ങി. അതിൽനിന്ന് പെട്ടെന്ന് ഒരാൾ എന്റെ മുമ്പിൽ വന്നുനിന്നു. അത് പറഞ്ഞു. 'ഞാൻ അല്ലാഹുവിന്റെ മലക്കാണ്. സൂറാ ഫാത്തിഹയുടെ തഫ്സീർ താങ്കൾക്ക് പഠിപ്പിച്ചു തരുന്നിന്നായിട്ടാണ് അല്ലാഹു എന്നെ ഇവിടേക്കയച്ചത്.' ഞാൻ പറഞ്ഞു, 'പഠിപ്പിച്ചു തന്നാലും'. അങ്ങിനെ ആ മലക്ക് എന്നെ പഠിപ്പിക്കാൻ തുടങ്ങി. അങ്ങിനെ എന്നെ പഠിപ്പിച്ചുകൊണ്ടിരുന്നു. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന ആയത്ത് വരെ എത്തിയപ്പോൾ മലക്ക് പറഞ്ഞു, 'ഇതുവരെ കഴിഞ്ഞുകടന്ന മുഫസ്സരീങ്ങൾ എല്ലാവരും ഈ ആയത്ത് വരെ മാത്രമേ തഫ്സീർ എഴുതിയിട്ടുള്ളൂ. ഞാൻ താങ്കൾക്ക് ഇതിനുശേഷമുള്ളതും പഠിപ്പിക്കാൻ ആഗ്രഹിക്കുന്നു'. ഞാൻ പറഞ്ഞു, 'പഠിപ്പിച്ചുതന്നാലും'. അങ്ങിനെ മലക്ക് എനിക്ക് പഠിപ്പിച്ചുതന്നുകൊണ്ടിരുന്നു. അങ്ങിനെ സൂറാ ഫാത്തിഹയുടെ തഫ്സീർ പൂർണ്ണമായും എന്നെ പഠിപ്പിച്ചു."

അദ്ദേഹം പറയുന്നു, ഈ പ്രവചനത്തിലുണ്ടായിരുന്ന ഒരടയാളം ആത്മീയഅറിവുകളാൽ നിറക്കപ്പെടും എന്നതാണ്. ആത്മീയ അറിവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവുമായി മാത്രം ബന്ധപ്പെട്ട അറിവുകളാണ്. ഉദാ. അദൃശ്യകാര്യങ്ങളെ കുറിച്ചുള്ള അറിവ്. ഈ ലോകത്ത് പ്രത്യേകമായ സേവനം അനുഷ്ഠിക്കുവാനായി നിയുക്തരായ തന്റെ വരിഷ്ഠദാസർക്കാണ് അവൻ ഇങ്ങനെയുള്ള അറിവുകൾ നൽകുന്നത്. ഇതുമുഖേന അവർക്ക് അല്ലാഹുവുമായുള്ള ബന്ധം വെളിപ്പെടുന്നതാണ്. തൻമൂലം ഇവർ ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിന്ന് കാരണമായിത്തീരുന്നതാണ്.

ഒരു സ്വപ്നത്തെ കുറിച്ച് വിശദീകരിച്ചുകൊണ്ട് പറയുന്നു: എനിക്ക് രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ച് അല്ലാഹു നേരത്തെ അറിവ് നൽകുയും, അത് വ്യക്തമായി പുലരുകയും ചെയ്തു. ഞാൻ ഒരിക്കൽ സ്വപ്നത്തിൽ കണ്ടു, ഞാൻ ഇംഗ്ലണ്ടിൽ പോയിരിക്കുന്നു. ബ്രിട്ടീഷ് ഗവർമെന്റ് എന്നോട് പറയുകയാണ്, താങ്കൾ ഞങ്ങളുടെ നാടിനെ സംരക്ഷിച്ചാലും എന്ന്. ഞാൻ അവരോട് പറഞ്ഞു, ആദ്യം എനിക്ക് നിങ്ങളുടെ ആയുധ ശേഖരം കാണിച്ചു തരിക, അതൊന്ന് ഞാൻ നോക്കട്ടെ, എന്നിട്ട് ഞാൻ പറയാം എനിക്ക് നിങ്ങളുടെ നാടിനെ സംരക്ഷിക്കാൻ പറ്റുമോ ഇല്ലയോ എന്ന്. അപ്പോൾ ഗവർമെന്റ് തങ്ങളുടെ എല്ലാ യുദ്ധസന്നാഹങ്ങളും കാണി ച്ചു തന്നു. ഞാൻ ഓരോന്നും നോക്കികൊണ്ട് മുന്നോട്ട് നടന്നു. അവസാനം ഞാൻ പറഞ്ഞു, വിമാനങ്ങളുടെ കുറവുണ്ട്. എനിക്ക് വിമാനങ്ങൾ

കിട്ടുകയാണെങ്കിൽ ഇംഗ്ലണ്ടിനെ എനിക്ക് സംരക്ഷിക്കാൻ സാധിക്കുന്നതാണ്. ഞാൻ ഇതു പറഞ്ഞപ്പോൾ, ഞാൻ കാണുന്നത് അമേരിക്കയിൽ നിന്നു വന്ന ഒരു കമ്പി സന്ദേശമാണ്. അതിലെ വാക്കുകൾ ഇതാണ്, The American Government Has Delivered 2800 aeroplane to British Government" അമേരിക്കൻ ഗവർമെന്റ് 2800 വിമാനങ്ങൾ ബ്രിട്ടീഷ് ഗവർമെന്റിന് നൽകിയിരിക്കുന്നു.അതിനു ശേഷം ഞാൻ ഉണർന്നു. ഈ സ്വപ്നം ഞാൻ ചൗദരി സഫറുല്ലാഹ് ഖാൻ സാഹിബിനെ കേൾപ്പിച്ചിരുന്നു. കുറച്ചു ദിവസങ്ങൾക്ക് ശേഷം ഞാൻ പള്ളിയിലായിരുന്നപ്പോൾ, എനിക്ക് ഒരു ഫോൺ വന്നു. അത് ചൗദരി സഫറുല്ലാഖാൻ സാഹിബിന്റെ ഫോൺ ആയിരുന്നു. അദ്ദേഹം പറഞ്ഞു, ഹുസൂർ പത്രത്തിൽ വാർത്ത കണ്ടില്ലെ? ഞാൻ പറഞ്ഞു, ഇല്ല എന്താണുള്ളത്. അദ്ദേഹം പറഞ്ഞു, താങ്കളുടെ സ്വപ്നം പൂർത്തിയായി. ഇപ്പോൾ ഇവിടെ ഈ വീട്ടിൽ ഒരു സർക്കുലർ വന്നിട്ടുണ്ട്. അതിന്റെ ന്യൂസ് പത്രത്തിലും വന്നിട്ടുണ്ട്. അമേരിക്കൻ ഗവർമെന്റ് ബ്രീട്ടീഷ് ഭരണകൂടത്തിന് 2800 യുദ്ധവിമാനങ്ങൾ നൽകിയിരിക്കുന്നു.

ബെൽജിയം രാജാവിനെക്കുറിച്ചുള്ള പ്രവചനമാണ് അടുത്തത്. അദ്ദേഹം പറയുന്നു: "1940 ൽ ആയിരക്കണക്കിന് ജനങ്ങളുടെ മുമ്പാകെ ഞാൻ എന്റെ ഒരു കശ്ഫിനെക്കുറിച്ച് വിവരിച്ചിരുന്നു. അത് മൂന്ന് ദിവസത്തിനുള്ളിൽ പൂർത്തിയാകുകയുണ്ടായി. ഇതും അദൃശ്യലോകത്തു നിന്നുള്ള ഒരു വാർത്തയായിരുന്നു. കശ്ഫ് ഇപ്രകാരമാണ്. ഒരു മൈതാനം, അവിടെ ഇരുട്ടാണ്. ഇരുണ്ട പച്ച നിറത്തിലുള്ള യൂണി ഫോം ധരിച്ച് ഒരാൾ അവിടെ നിൽക്കുന്നു. അദ്ദേഹം ഒരു രാജാവാണെന്നാണ് എനിക്ക് അറിവ് ലഭിച്ചത്. അതിനുശേഷം ഇൽഹാം ഉണ്ടായി. Abdicted "

ബ്രിട്ടീഷ് ഗവർമെന്റിന്റെ വിജയത്തിനായി പ്രാർത്ഥിക്കാൻ ജനങ്ങൾ ഒരുമിച്ചു കൂടിയ മെയ് 26 നാണ് ഞാൻ ഈ കശ്ഫ് വിളമ്പരപ്പെടുത്തിയത്. ഇതിന്റെ വ്യാഖ്യാനം ഞാൻ നൽകിയത് ഈ യുദ്ധത്തിൽ ഏതോ ഒരു രാജാവ് സ്ഥാനഭ്രഷ്ഠനാക്കപ്പെടും എന്നാണ്. അതല്ലെങ്കിൽ സ്ഥാനഭ്രഷ്ഠനാക്കപ്പെട്ട ഏതെങ്കിലും രാജാവ് മുഖേന വലിയ പരിവർത്തനം ഉണ്ടാകുന്നതാണ്. ഈ ഇൽഹാമിന് വെറും മൂന്നു നാളുകൾ പിന്നിടുന്നതിനുമുമ്പാണ് അല്ലാഹു ബെൽജിയത്തെ രാജാവായ Dewpol നെ അപ്രതീക്ഷിതമായി സ്ഥാനഭ്രഷ്ഠനാക്കുന്നത് Abdicted എന്നതിന്റെ അർത്ഥം denouncement by denouncement of the fauld ഒരു വിജ്ഞാപനത്തിലുടെയോ തന്റെ ഡ്യൂട്ടി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയിലോ സ്ഥാനഭ്രഷ്ഠനാക്കപ്പെടുക അതായത് ഒന്നുകിൽ സ്വയം രാജിവെച്ച് രാജ്യസ്ഥാനത്ത് നിന്ന് ഞാൻ ഒഴിയുന്നു എന്ന് ആ രാജാവ് സ്വയം പറയുന്നതാണ്, അല്ലെങ്കിൽ ഭരണം നടത്താൻ കഴിയാത്ത ഒരവസ്ഥ സംജാതമായിത്തീരുന്നതാണ്. ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു. ഈ കശ്ഫ് ഇതേ രീതിയിൽ പുലരുകയുണ്ടായി. ബെൽജിയം ഗവർമെന്റ് ഇതേ വാക്കുകൾ ഉപയോഗിച്ചു കൊണ്ട് പറഞ്ഞു ഞങ്ങളുടെ രാജാവ് ജർമന്റെ കൈകളിലാണ് അതുകൊണ്ട് അദ്ദേഹത്തിന് ഇപ്പോൾ തന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ സാധ്യമല്ല അതുകൊണ്ട് ഇന്നു മുതൽക്ക് ബെൽജിയത്തെ ഭരിക്കുന്നത് ഇവിടത്തെ ഗവർമെന്റായിരിക്കും രാജാവായിരിക്കില്ല. ഇങ്ങനെയുള്ള പലസംഭവങ്ങളും രേഖപ്പെട്ടുകിടക്കുന്നുണ്ട്

മറ്റൊരടയാളം ദൈവത്തിന്റെ നിഴൽ അവന്റെ തലക്കുമീതെ ഉണ്ടായിരിക്കും എന്നതാണ്. ഈ അടയാളം എങ്ങനെ പുലർന്നു എന്നതിനെ കുറിച്ച് അദ്ദേഹം പറയുന്നു.

അല്ലാഹു എപ്പോഴും എന്റെ സംരക്ഷകനും സഹായിയുമായി വർത്തിക്കുകയുണ്ടായി. ശത്രുക്കളുടെ അക്രമണത്തിൽ നിന്നും എന്നെ സംരക്ഷിക്കുകയുണ്ടായി. ഈ ഇൽഹാമിന്റെ വാക്കുകൾ പൂർത്തിയാക്കുന്ന രീതിയിൽ അല്ലാഹു എന്റെ ജീവൻ സംരക്ഷിച്ചത് ഏതെല്ലാം രീതിയിലാണെന്ന് നോക്കുക. മനുഷ്യകരങ്ങളാൽ ഞാൻ വധിക്കപ്പെടില്ലെന്നതരത്തിലുള്ള ഒരു ഇൽഹാമും ഇതു വരെ എനിക്ക് ലഭിച്ചിട്ടില്ല. എന്നാൽ തന്റെ ജോലി പൂർത്തിയാകുന്നതു വരെ എന്നെ ആർക്കും വധിക്കാൻ സാധ്യമല്ലെന്ന ഉറച്ച വിശ്വാസത്തിലാണ് ഞാൻ. എന്നെ വധിക്കാൻ വേണ്ടി പല പ്രാവശ്യം ശ്രമിച്ച എത്രയോ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ആ അവസ്ഥകളിലെല്ലാം അല്ലാഹു തന്റെ പ്രത്യേക ഫള്ൽ കൊണ്ട് അവരുടെ അക്രമണത്തിൽ നിന്നെല്ലാം എന്നെ സംരക്ഷിക്കുകയുണ്ടായി.

ഒരിക്കൽ ഞാൻ ഒരു സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. ശബ്ദം ശരിയായി നിലനിർത്താൻ ചൂടുള്ള ചായ അൽപം കുടിക്കുക എന്നത് എന്റെ ശീലമായിരുന്നു. പ്രസംഗം നടന്നു കൊണ്ടിരിക്കുമ്പോൾ സമ്മേളന നഗരിയിൽ നിന്ന് എനിക്ക് മലായി നിറച്ച ഒരു കപ്പ് ആരോ കൊടുത്തയച്ചു. അദ്ദേഹം പറഞ്ഞു, ഇത് വേഗം ഹദ്റത്ത് സാഹിബിന് എത്തിക്കുക കാരണം പ്രസംഗിച്ച് പ്രസംഗിച്ച് അദ്ദേഹം വല്ലാതെ ക്ഷീണിച്ചിട്ടുണ്ട്. ഉടനെത്തന്നെ ഈ കപ്പ് കൈമാറി കൈമാറി സ്റ്റേജിൽ എത്തി. സ്റ്റേജിൽ നിന്ന് എനിക്ക് തരുന്നതിനു മുമ്പ് അതിലുള്ള മലായി ഒന്ന് ടെസ്റ്റ് ചെയ്ത് നോക്കാം എന്ന് കരുതി ആരോ അൽപം മാലായി എടുത്ത് രുചിച്ചു നോക്കി. ഉടനെ അയാളുടെ നാവിന് മുറിവേറ്റു. അപ്പോൾ അദ്ദേഹത്തിന് മനസ്സിലായി ഇതിൽ വിഷം ചേർത്തിട്ടുണ്ടെന്ന്. ആ മലായി എനിക്ക് എത്തുകയും ഞാൻ അതിൽ നിന്ന് അൽപം രുചിക്കുകയും ചെയ്തിരുന്നെങ്കിൽ തീർച്ചയായും അതിന്റെ ദുശ്യഫലം പ്രകടമായേനെ. തൻമൂലം പ്രസംഗം നിന്നു പോകുകയും ചെയ്തേനെ.

മറ്റൊരു സംഭവം. ഒരു പഠാൻ യുവാവ് വന്നു. അവന്റെ കയ്യിൽ കത്തി ഉണ്ടായിരുന്നു. അവനെ കാണാനായി ഞാൻ പുറത്തേക്ക് ഇറങ്ങുകയായിരുന്നു. അപ്പോൾ അബ്ദുൽ അഹ്മദ് ഖാൻ സാഹിബ് ഉടനെ അവന്റെ ചലനങ്ങൾ മനസ്സിലാക്കുകയും ആയുധവുമായാണ് വന്നത് എന്ന് തിരിച്ചറിയുകയും ചെയ്തു. അങ്ങിനെ അവനെ പിടികൂടി. ഇങ്ങനെയുള്ള മറ്റു പല സംഭവങ്ങളുമുണ്ട്.

തടവുകാരുടെ മോചനത്തിന് കാരണമായിത്തീരും എന്നതിനെ കുറിച്ച് അദ്ദേഹം തന്നെ എഴുതുന്നു. കശ്മീരിലെ സംഭവം ഈ പ്രവചനത്തിന്റെ പുലർച്ചയെ സൂചിപ്പിക്കുന്നു. ഈ സംഭവത്തെ ക്കുറിച്ച് ശാന്തമായി ചിന്തിക്കുന്ന ഓരോ വ്യക്തിയും സമ്മതിക്കുന്നതാണ് എന്റെ കാരണങ്ങളാൽ അല്ലാഹു കാശ്മീരികൾക്ക് സ്വാതന്ത്ര്യം നൽകുകയുണ്ടായി, അവരുടെ ശത്രുക്കളെ പരാജയപ്പെടുത്തുകയും ചെയ്തു എന്ന്. കാശ്മീർ ജനത അടിമത്വത്തിന്റെ ചങ്ങലയിൽ പൂർണ്ണമായും ബന്ധനസ്ഥരായിരുന്നു. ഗവർമെന്റിന്റെ വിധി ഭൂസ്വത്തെല്ലാം രാജാവിന്റെതാണെന്നും കാശ്മീരികൾക്ക് അതിൽ ഒരവകാശവുമില്ലെന്നുമായിരുന്നു. രാജ്യത്തുള്ളവർ വെറും തൊഴിലാളികൾ മാത്രമായിരുന്നു. രാജാവിന് ഇഷ്ടമുള്ളപ്പോൾ അവരെ അവിടെ നിന്ന് നിഷ്കാസനം ചെയ്യാമായിരുന്നു. അവർക്ക് വൃക്ഷങ്ങളിൽ നിന്നോ കൃഷിയിടങ്ങളിൽ നിന്നോ സ്വയമായി ഒന്നും അനുഭവിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല.

ലോകത്തിന്റെ കോണുകളോളം ഖ്യാതി പരക്കുമെന്നതും പ്രവചനത്തിൽ പറയപ്പെട്ട അടയാളങ്ങളിൽ ഉള്ളതാണ്. ഇതും ഹദ്റത്ത്

മുസ്‌ലിഹ് മൗഊദ് (റ) ൽ പ്രൗഢിയോടുകൂടിതന്നെ പുലരുകയുണ്ടായി. ലോകത്ത് അദ്ദേഹത്തിന്റെ കാലത്ത് പല പ്രവർത്തന കേന്ദ്രങ്ങളും തുടങ്ങുകയുണ്ടായി. സിലോൺ, മൊറീഷ്യസ്, സുമാത്ര, ചൈന, ജപ്പാൻ റഷ്യ, ഇറാൻ, ഇറാക്ക് ശ്യാം,പലസ്തീൻ, മിസ്ര്, സുഡാൻ യുഗോസ്ലോവാക്യാ, അൽബേനിയ തുടങ്ങിയ പത്തു മുപ്പത്തഞ്ചു രാജ്യങ്ങളിൽ പ്രവർത്തനകേന്ദ്രങ്ങൾ തുറക്കുകയുണ്ടായി. ഇസ്‌ലാമിന്റെ തബ്‌ലീഗ് പ്രവർത്തനം ആ നാടുകളിൽ എല്ലാം തുടങ്ങി

അദ്ദേഹം പറയുന്നു. ആയിരകണക്കിന് ക്രിസ്ത്യാനികൾ ഞാൻ മുഖേന ഇസ്‌ലാമിലേക്ക് പ്രവേശിച്ചിട്ടുണ്ട്. ഞാൻ മുഖേന നടന്ന ഇസ്‌ലാം അഹ്മദിയത്തിന്റെ പ്രചാരണം ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നു.

ഈ പ്രവചനത്തിന്റെ പുലർച്ചയെക്കുറിച്ചുള്ള ചില കാര്യങ്ങളാണ് ഞാൻ കേൾപ്പിച്ചത്. ഈ പ്രവചനത്തിന്റെ മഹത്വം വിവിരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ്(അ) വിവരിക്കുന്നു.

"ഇത് വെറും ഒരു പ്രവചനം മാത്രമല്ലന്നും പ്രൗഢഗാംഭീര്യമുള്ള ആകാശീയ അടയാളമാണിതെന്നും കണ്ണുതുറന്നു നോക്കുന്ന ഏവർക്കും മനസ്സിലാവുന്നതാണ്. ഇത് മഹത്വമുടയവനായ ദൈവം ആധരണീയരും കാരുണ്യവാരിധിയുമായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ (സ.അ) ന്റെ സത്യതയും മഹത്വവും പ്രകടമാകുന്നതിന് വേണ്ടി വെളിപ്പെടുത്തിയ അടയാളമാണ്. ഈ അടയാളം ഒരു മരിച്ച വ്യക്തിയെ ജീവിപ്പിക്കുന്നതിനെക്കാളും നൂറു മടങ്ങ് മഹത്വരവും, ഉന്നതവും, സംപൂർണ്ണവും, ശ്രേഷ്ഠതരവും ആയിട്ടുള്ളതാണ്. കാരണം മരിച്ചവരെ ജീവിപ്പിക്കുന്നതിന്റെ യാഥാർത്ഥ്യം എന്നു പറയുന്നത് ദൈവത്തിന്റ സവിധത്തിൽ പ്രാർത്ഥിച്ചുകൊണ്ട് ഒരാത്മാ വിനെ തിരിച്ച് കൊണ്ടുവരിക എന്നതാണ്. ഇവിടെയും അല്ലാഹുവിന്റെ അനുഗ്രഹത്താലും കാരുണ്യത്താലും ഖാത്തമുൽ അമ്പിയ (സ.അ) ന്റെ ബർക്കത്തുകൊണ്ട് അല്ലാഹു ഈ വിനീതന്റെ ദുആ സ്വീകരിച്ചു കൊണ്ട്, ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ ലോകം മുഴുവൻ വ്യാപിക്കുന്നതിന് കാരണമായിത്തീരുന്ന ഒരു അനുഗ്രഹീത ആത്മാവിനെ അയക്കുന്നതാണെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. ഈ അടയാളം മരിച്ചവരെ ജീവിപ്പിക്കുന്നതിന് തുല്യമായി തോന്നാമെങ്കിലും ഗഹനമായി ചിന്തിക്കുകയാണെങ്കിൽ മരിച്ചവരെ ജീവിപ്പിക്കുന്നതിനെക്കാളും ശതക്കണക്കിന് ശ്രേഷ്ഠതരമാണ് ഈ അടയാളമെന്ന് മനസ്സിലാകുന്നതാണ്. മരിച്ചവരുടെ റൂഹും ദുആ മുഖേനയാണ് തിരിച്ച് വരുന്നത്. ഇവിടെയും ഒരു റൂഹിനെ കൊണ്ടുവരും എന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ആ റൂഹും ഈ റൂഹും തമ്മിൽ ലക്ഷം മടങ്ങ് വ്യത്യാസമുണ്ട്. മുസ്‌ലീങ്ങളിൽ മറഞ്ഞിരിക്കുന്ന മുർത്തദുകൾ തിരുനബി (സ) നിന്ന് മുഅ്ജിസത്തുകൾ വെളിപ്പെടുന്നത് കണ്ട് സന്തുഷ്ടരാകാറില്ല. ഇങ്ങനെയുള്ള അൽഭുതങ്ങൾ വെളിപ്പെടുമ്പോൾ ഇതെന്തുകൊണ്ട് സംഭവിച്ചു എന്നോർത്ത് അവർ ദുഖിക്കാറാണുള്ളത്".

ഈ പ്രവചനത്തിന്റെ പാശ്ചാത്തലവും അതിന്റെ ചില അടയാളവും ചുരുങ്ങിയ രീതിയിൽ ഞാൻ വിവരിച്ചിരിക്കുകയാണ്. ഈ പ്രവചനത്തിന്റെ മഹത്വം ഹദ്റത്ത മസീഹ് മൗഊദ് (അ)ന്റെ അവസാനം കേൾപ്പിച്ച ഉദ്ധരണിയിൽ നിന്നും വ്യക്തമാണ്. ചില അഹ്മദികൾ കത്തുകളിലൂടെയും ഇവിടെയും ചോദിക്കാറുണ്ട് എന്ത് കൊണ്ട് നാം മുസ്‌ലീഹ് മൗഊദ് ദിനം മാത്രം ആചരിക്കുന്നു. മറ്റു ഖലീഫമാരുടെ ദിനങ്ങൾ ആചരിക്കുന്നില്ല. ഇതിനെ കുറിച്ച് വ്യക്തമായ ധാരണയില്ലാത്ത അഹ്മദികൾക്ക് ഇപ്പോൾ കാര്യം മനസ്സിലായിട്ടുണ്ടാകും എന്ന് കരുതുന്നു. മുസ്‌ലിഹ് മൗഊദിന്റെ പ്രവചന പ്രഖ്യാപന ദിവസം വിശ്വാസത്തിന് പുതു ജീവൻ നൽകുവാനും ഇസ്‌ലാമിന്റെ സത്യതയും, തിരുനബി (സ) ന്റെ സത്യസാക്ഷ്യം ലോകത്ത് നിലനിർത്തുകയും ചെയ്യുന്നതിനു വേണ്ടിയുള്ളതാണ്. ഇത് അദ്ദേഹത്തിന്റെ ജനനദിവസമോ മരണദിവസമോ അല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആകൾ സ്വീകരിച്ചു കൊണ്ട് അല്ലാഹുതആല അദ്ദേഹത്തിന്റെ സന്താനങ്ങളിൽനിന്ന് പ്രത്യേക ഗുണങ്ങളോടു കൂടിയ, ഇസ്‌ലാമിന്റെ തനതായ രൂപം ലോക സമക്ഷം സമർപ്പിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ സൃഷ്ടിക്കുന്ന അടയാളം കാണിക്കുകയുണ്ടായി. ആ മഹാത്മാവ് ജമാഅത്തിന്റെമുമ്പാകെ വരും തലമുറകൾക്ക്പോലും മാർഗ്ഗദർശനം ലഭിക്കുന്ന രീതിയിലുള്ള ചൊവ്വായ മാർഗ്ഗംകാണിച്ചു തരികയുണ്ടായി, ഈ മാർഗ്ഗത്തിലൂടെ നടന്നാൽ ആർക്കും വിജയത്തിന്റെ സോപാനങ്ങളിൽ എത്തിച്ചേരാൻ സാധിക്കുന്നതാണ്. ഇതും നമ്മുടെ ഉത്തര വാദിത്വങ്ങളെ ഓർമ്മിപ്പിച്ചു കൊണ്ട് ഇസ്‌ലാമിന്റെ വിജയത്തിനായി നമ്മുടെ കഴിവുകളെ വിനിയോഗിക്കേണ്ടതിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. അതല്ലാതെ ഒരടയാളം പൂർത്തിയായതിലൂടെ ലഭിക്കുന്ന വൈജ്ഞാനിക അനുഭൂതിയിൽ മാത്രം കാര്യങ്ങളെ പരിമിതപ്പെടുത്തരുത്. അല്ലാഹു നമുക്ക് ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഒരു കാര്യം കൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഇന്നലെ ഞാൻ കത്തുകളിൽ കണ്ടതാണ്. ഏതോ നാട്ടിലെ അൻസാറുല്ലായുടെ പ്രോഗ്രാമിൽ അവർ ഇട്ടിരിക്കുന്ന പരിപാടികളിൽ ഒന്ന് മുസ്‌ലീഹ് മൗഊദ് ദിനത്തിൽ വളരെ വിപുലമായ പരിപാടികൾ ഇട്ടിട്ടുണ്ടെന്നും, കായിക മത്സരങ്ങളാണ് ഏറ്റവും കൂടുതൽ ഇട്ടിരിക്കുന്നതെന്നും, വൈജ്ഞാനിക വിഷയത്തിൽ വളരെ കുറഞ്ഞ പരിപാടികളാണ് ഇട്ടതെന്നും അവർ എഴുതുന്നു.

അൻസാറുല്ലാഹ് കായിക മത്സരം നടത്തി എന്തു ചെയ്യാനാണ്. അൻസാറുല്ലാഹ് തങ്ങളുടെ പ്രതിജ്ഞയെക്കുറിച്ചാണ് ശ്രദ്ധിക്കേണ്ടത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) നമുക്ക് കാണിച്ചു തന്ന മാർഗ്ഗത്തിലൂടെ മുന്നോട്ട് പോകുകയും അൻസാറുല്ലാഹ് എന്ന സംഘടന രൂപീകരിച്ചതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി പ്രവർത്തിക്കുകയുമാണ് അവർ ചെയ്യേണ്ടത്. അപ്പോൾ മാത്രമേ നാം ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ന്റെ സന്ദേശത്തെ ലോകത്ത് വേഗത്തിൽ പ്രചരിപ്പിക്കുന്നവരായിത്തീരുകയുള്ളൂ. അതിനാൽ ഈ പ്രോഗ്രാം ഉണ്ടാക്കിയ അൻസാറുല്ലാഹ്- അവരുടെ പേര് വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല- അവരുടെ പ്രോഗ്രാം പുനഃപരിശോധനക്ക് വിധേയമാക്കുമെന്നും, ഭാവിയിൽ മറ്റുള്ളവരും ഇത് ശ്രദ്ധിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 20 -02 - 2009 at**
**Baithul Futuh**
**UK**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**